# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പാണാവള്ളി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-എ.എൽ.പി-പി.5/952/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 24/02/2022
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പാണാവള്ളി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പാണാവള്ളി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാണാവള്ളി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-എ.എൽ.പി-പി.5/952/2021 തീയ്യതി: 24/02/2022

## ആലപ്പുഴ ജില്ലയിലെ പാണാവള്ളി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ പാണാവള്ളി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 07-11-2019 മുതൽ 30-09-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ആർ.രാജീവ് | ഡെപ്യൂട്ടി ഡയറക്ടർ | 04-10-2021 | 25-10-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 04-10-2021 | 25-10-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.എസ്.എൽസമ്മ.ഓഡിറ്റ് ഓഫീസർ
ശ്രീ.ടി.എം.റോയി.അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.ശ്രീകാന്ത്.സി.എസ്,അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.ലക്ഷ്മികാന്ത്,ഓഡിറ്റർ (4.10.21-16.10.21 വരെ)
ശ്രീ.സിജി ജോൺ,ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.പ്രദീപ് കൂടയ്ക്കൽ | പ്രസിഡന്റ് | 01-04-2020 | 12-11-2020 |
| ശ്രീമതി.ധന്യ സന്തോഷ് | പ്രസിഡന്റ് | 30-12-2020 | 31-03-2021 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.പിഎം ഉഷ | സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീമതി.ഫാത്തിമ റെഹിയാനത്ത് | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ.അരുണ്മിത്ര, | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, | 01-04-2020 | 31-03-2021 |
| ശ്രീമതി.മേരി മാർഗ്രറ്റ് | മെഡിക്കൽ ഓഫീസർ,ഹോമിയോ | 01-04-2020 | 31-03-2021 |
| ഡോ.മനുജയൻ ഒ എം | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീമതി.ജയശ്രീ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീമതി.മൈഥിലി ദേവി | പ്രധാന അധ്യാപിക, ഗവ. എൽ..പി.എസ്. | 01-04-2020 | 31-05-2020 |
| ശ്രീമതി.ഫാത്തിമ റെഹിയാനത്ത് | പ്രധാന അധ്യാപിക,ഗവ. എൽ.പി.എസ്. | 01-06-2020 | 31-03-2021 |
| ശ്രീമതി.മാലിനി എസ് സാം | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീവിദ്യ ആർ.പൈ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ(ഓടമ്പള്ളി) | 01-04-2020 | 17-05-2020 |
| ശ്രീമതി.ഷെല്ലി ജോസ് | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ(ഓടമ്പള്ളി) | 18-05-2020 | 31-03-2021 |
| ശ്രീമതി..ബിൻസി അഗസ്റ്റിൻ | വില്ലേജ് എക്സ്റ്റെൻഷൻഓഫീസർ(തൃച്ചാറ്റുകുളം) | 01-04-2020 | 31-03-2021 |
| ശ്രീമതി.പ്രവീണ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ശ്രീമതി. പൊന്നമ്മ കെ.ജെ | ഫിഷറീസ് സബ് ഇന്സ്പെക്ടർ | 01-04-2020 | 31-03-2021 |
| ശ്രീ.വിൻസ്റ്റൺ ഡിസൂസ | അസി.സെക്രട്ടറി | 01-04-2020 | 02-08-2020 |
| ശ്രീമതി.അമ്പിളി പി സി | അസി. സെക്രട്ടറി | 03-08-2020 | 31-03-2021 |
| ശ്രീമതി.ശശികല.വി.എസ്. | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2020 | 11-11-2020 |
| ഡോ.അശ്വതി.വി. | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 12-11-2020 | 31-03-2021 |

13.11.20 മുതൽ 29.12.20 വരെ അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Siji (Auditor, On 16-10-2021)<br>Last Updated By: Rajeev R (Deputy Director, On 14-01-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Elsamma (Audit Officer, On 17-10-2021)<br>Last Updated By: Rajeev R (Deputy Director, On 14-01-2022) | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക – അപാകതകൾ<br>Written By: T.M Roy (Senior Grade Auditor, On 27-10-2021)<br>Last Updated By: Rajeev R (Deputy Director, On 14-01-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Elsamma (Audit Officer, On 17-10-2021)<br>Last Updated By: Rajeev R (Deputy Director, On 14-01-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Elsamma (Audit Officer, On 17-10-2021)<br>Last Updated By: Rajeev R (Deputy Director, On 14-01-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Elsamma (Audit Officer, On 17-10-2021)<br>Last Updated By: Rajeev R (Deputy Director, On 14-01-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Elsamma (Audit Officer, On 17-10-2021)<br>Last Updated By: Rajeev R (Deputy Director, On 14-01-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Elsamma (Audit Officer, On 17-10-2021)<br>Last Updated By: Rajeev R (Deputy Director, On 14-01-2022) | 1-7 |
| 9 | ക്യാഷ് വേരിഫിക്കേഷൻ<br>Written By: Siji (Auditor, On 26-10-2021)<br>Last Updated By: Rajeev R (Deputy Director, On 14-01-2022) | 1-8 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Elsamma (Audit Officer, On 17-10-2021)<br>Last Updated By: Rajeev R (Deputy Director, On 14-01-2022) | 1-9 |
| 11 | ആഭ്യന്തരനിയന്ത്രണം<br>Written By: Elsamma (Audit Officer, On 19-10-2021)<br>Last Updated By: Rajeev R (Deputy Director, On 14-01-2022) | 1-10 |
| 12 | രസീത് പരിശോധന - അപാകതകൾ<br>Written By: Siji (Auditor, On 26-10-2021)<br>Last Updated By: Rajeev R (Deputy Director, On 19-01-2022) | 1-11 |
| 13 | തൊഴിൽ നികുതി -- അപാകതകൾ<br>Written By: T.M Roy (Senior Grade Auditor, On 26-10-2021)<br>Last Updated By: Rajeev R (Deputy Director, On 19-01-2022) | 1-12 |
| 14 | കടമുറികളുടെ വാടക കുടിശ്ശിക ഈടാക്കിയില്ല<br>Written By: Lakshmikanth P (Auditor, On 23-10-2021)<br>Last Updated By: Rajeev R (Deputy Director, On 15-01-2022) | 1-13 |
| 15 | ഡി & ഒ ലൈസൻസ് പരിശോധന - അപാകതകൾ<br>Written By: Siji (Auditor, On 26-10-2021)<br>Last Updated By: Rajeev R (Deputy Director, On 15-01-2022) | 1-14 |
| 16 | മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് -- രേഖകൾ ഹാജരാക്കിയില്ല.<br>Written By: T.M Roy (Senior Grade Auditor, On 27-10-2021)<br>Last Updated By: Rajeev R (Deputy Director, On 15-01-2022) | 1-15 |
| 17 | ഘടക സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ -- അപാകതകൾ<br>Written By: T.M Roy (Senior Grade Auditor, On 26-10-2021)<br>Last Updated By: Rajeev R (Deputy Director, On 15-01-2022) | 1-16 |

| | | |
|---|---|---|
| 18 | സ്ട്രീറ്റ് ലൈൻ നീട്ടൽ -- പ്രവൃത്തി പൂർത്തീകരണ വിവരം ലഭ്യമാക്കിയില്ല<br>Written By: T.M Roy (Senior Grade Auditor, On 26-10-2021)<br>Last Updated By: Rajeev R (Deputy Director, On 15-01-2022) | 1-17 |
| 19 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) നടപ്പാക്കിയ പ്രോജക്ടുകൾ<br>Written By: Siji (Auditor, On 26-10-2021)<br>Last Updated By: Rajeev R (Deputy Director, On 15-01-2022) | 1-18 |
| 20 | കമ്മ്യൂണിറ്റി ഹാൾ റീവയറിംഗ് -- പദ്ധതി തുക കൈമാറുന്നതിൽ കാലവിളംബം, പ്രവൃത്തി ആരംഭിച്ചില്ല<br>Written By: T.M Roy (Senior Grade Auditor, On 26-10-2021)<br>Last Updated By: Rajeev R (Deputy Director, On 15-01-2022) | 1-19 |
| 21 | ജലജീവൻ മിഷൻ പദ്ധതി നടപ്പാക്കിയിട്ടും വെള്ളക്കരം ഒടുക്കുന്ന -- ഗ്രാമപഞ്ചായത്തിന് അധിക സാമ്പത്തിക ബാധ്യത.<br>Written By: T.M Roy (Senior Grade Auditor, On 26-10-2021)<br>Last Updated By: T.M Roy (Senior Grade Auditor, On 27-10-2021) | 1-20 |
| 22 | ആർദ്രം പദ്ധതി (SO പ്രോജക്ട് നം. 149 -) – രേഖകൾ ഹാജരാക്കിയില്ല<br>Written By: Siji (Auditor, On 26-10-2021)<br>Last Updated By: Rajeev R (Deputy Director, On 03-02-2022) | 1-21 |
| 23 | വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമായില്ല<br>Written By: Elsamma (Audit Officer, On 27-10-2021)<br>Last Updated By: Rajeev R (Deputy Director, On 21-01-2022) | 1-22 |
| 24 | കന്നുകുട്ടി പരിപാലനം (ജനറൽ)-വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല<br>Written By: Lakshmikanth P (Auditor, On 23-10-2021)<br>Last Updated By: Rajeev R (Deputy Director, On 19-01-2022) | 1-23 |
| 25 | ദുരന്ത പ്രതിരോധ പ്രവർത്തനങ്ങൾ<br>Written By: Elsamma (Audit Officer, On 27-10-2021)<br>Last Updated By: Rajeev R (Deputy Director, On 15-01-2022) | 1-24 |
| 26 | വൗച്ചറുകൾ പരിശോധനയ്ക്ക് ലഭ്യമല്ലാത്തത്<br>Written By: Sreekanth C.S (Asst. Audit Officer, On 27-10-2021)<br>Last Updated By: Rajeev R (Deputy Director, On 15-01-2022) | 1-25 |
| 27 | ഊട്ടുപുഴ-അഞ്ചുതുരുത്ത് കടത്ത്-ലൈസൻസോ ഫിറ്റ്നസ്സോ ഇല്ലാത്ത വള്ളം ഉപയോഗിക്കുന്നു<br>Written By: Sreekanth C.S (Asst. Audit Officer, On 27-10-2021)<br>Last Updated By: Rajeev R (Deputy Director, On 15-01-2022) | 1-26 |
| 28 | ജി.എസ്.ടി. ഈടാക്കിയ വിവരം ലഭ്യമല്ല<br>Written By: Elsamma (Audit Officer, On 27-10-2021)<br>Last Updated By: Rajeev R (Deputy Director, On 15-01-2022) | 1-27 |
| 29 | ദുരിതാശ്വാസ നിധി<br>Written By: Elsamma (Audit Officer, On 28-10-2021)<br>Last Updated By: Rajeev R (Deputy Director, On 15-01-2022) | 1-28 |
| 30 | അങ്കണവാടി കെട്ടിടങ്ങളെ സംബന്ധിച്ച അവലോകനം<br>Written By: Sreekanth C.S (Asst. Audit Officer, On 27-10-2021)<br>Last Updated By: Rajeev R (Deputy Director, On 15-01-2022) | 1-29 |
| 31 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ<br>Written By: Elsamma (Audit Officer, On 28-10-2021)<br>Last Updated By: Rajeev R (Deputy Director, On 04-02-2022) | 1-30 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Elsamma (Audit Officer, On 17-10-2021)<br>Last Updated By: Rajeev R (Deputy Director, On 15-01-2022) | 4-1 |

| | | |
|---|---|---|
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ<br>Written By: Elsamma (Audit Officer, On 17-10-2021)<br>Last Updated By: Rajeev R (Deputy Director, On 17-01-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Elsamma (Audit Officer, On 17-10-2021)<br>Last Updated By: Rajeev R (Deputy Director, On 17-01-2022) | 4-3 |
| 4 | വായ്പ/വായ്പാതിരിച്ചടവ്<br>Written By: Elsamma (Audit Officer, On 17-10-2021)<br>Last Updated By: Rajeev R (Deputy Director, On 17-01-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Elsamma (Audit Officer, On 17-10-2021)<br>Last Updated By: Rajeev R (Deputy Director, On 17-01-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Elsamma (Audit Officer, On 19-10-2021)<br>Last Updated By: Rajeev R (Deputy Director, On 17-01-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Elsamma (Audit Officer, On 19-10-2021)<br>Last Updated By: Rajeev R (Deputy Director, On 17-01-2022) | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Elsamma (Audit Officer, On 19-10-2021)<br>Last Updated By: Rajeev R (Deputy Director, On 17-01-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Elsamma (Audit Officer, On 19-10-2021)<br>Last Updated By: Rajeev R (Deputy Director, On 03-02-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Elsamma (Audit Officer, On 19-10-2021)<br>Last Updated By: Rajeev R (Deputy Director, On 03-02-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

19.03.2020-ാം തീയതിയിലെ 2(1) തീരുമാനപ്രകാരം അംഗീകരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 249738500 | 248891623 |
| വാർഷികകണക്ക് പ്രകാരം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 89352457 | 96092237 |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.2020 | 25.05.2020 |

## 1-2-1 വാർഷിക ധനകാര്യ പത്രിക - അപാകതകൾ

പാണാവള്ളി ഗ്രാമ പഞ്ചായത്തിന്റെ 2020-21 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട പ്രധാന ന്യൂനതകൾ താഴെ ചേർക്കുന്നു.

1) ലൈഫ് മിഷൻ വായ്പാ തിരിച്ചടവിനായി വികസന ഫണ്ട് എസ്.സി.പി യിൽ നിന്നും ഉറവിടത്തിൽ കുറവ് ചെയ്ത 139079 രൂപയും ടി,എസ്.പി ഫണ്ടിൽ നിന്നും കുറവ് ചെയ്ത 14628 രൂപയും പ്രോജക്ട് വെയ്ക്കാതിരുന്നതിനാൽ ഇവ സുലേഖയിൽ ചെലവായി ഉൾപ്പെട്ടിട്ടില്ല.

2) ജില്ലാസഹകരണ ബാങ്കിലെ തനത് ഫണ്ട് അക്കൗണ്ടിന്റെ ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ Cheque Deposited But Not Collected എന്ന ഹെഡിൽ ചേർത്തിട്ടുള്ള 10.5.2019ലെ 1,80,000 രൂപയും Directly Credited By Bank എന്ന ഹെഡിൽ ചേർത്തിട്ടുള്ള 5.4.2019ലെ 87,200 രൂപയും ഇപ്പോഴും ക്രമപ്പെടുത്തിയിട്ടില്ല.

3) ട്രഷറി ടി.എസ്.ബി അക്കൗണ്ടിന്റെ ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ Directly Credited By Bank 9.4.2019ലെ 2,89,928 രൂപയും Cheque Issued But Not Presented എന്ന ഹെഡിൽ ചേർത്തിട്ടുള്ള 12.3.2019ലെ 1,04,250 രൂപയും ഇപ്പോഴും ക്രമപ്പെടുത്തിയിട്ടില്ല.

4) സംയുക്ത പ്രോജക്ടുകൾക്കായുള്ള എസ്.ടി.എസ്.ബി അക്കൗണ്ടിൽ നിന്നും 26.3.2019ൽ നൽകിയ 67897 രൂപയുടെ ചെക്ക് 20.4.2020ൽ ബാങ്കിൽ നിന്നും പിൻവലിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ടി ചെലവ് സാംഖ്യയിൽ രേഖപ്പെടുത്തുവാൻ വിട്ടുപോയതിനാൽ ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ ഇപ്പോഴും Directly Debited By Bank എന്ന ഹെഡിൽ രേഖപ്പെടുത്തിപോരുന്നു.

5) തൻവർഷം ഫെസ്റ്റിൽ അഡ്വാൻസ് ഇനത്തിൽ വിതരണം നടത്തിയ തുകയുടെ വിവരം അഡ്വാൻസ് രജിസ്റ്ററിൽ ചേർത്തിട്ടില്ല.

6) ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സെല്ലിലെ ജീവനക്കാർക്ക് വേതനം നൽകുന്നതിനായി തൻവർഷം തനത് ഫണ്ടിൽ നിന്നും 12,97,465 രൂപ മുൻകൂറായി നൽകിയതായും 17,29,579 രൂപ തിരികെ ലഭിച്ചതായും വാർഷിക കണക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇതുസംബന്ധിച്ച് അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തലുകളും നടത്തിയിട്ടില്ല.

7) ജലജീവൻ മിഷൻ പ്രകാരം ഗാർഹിക കുടിവെള്ള കണക്ഷൻ പൂർത്തീകരണത്തിനായി തൻവർഷം വാട്ടർ അതോറിറ്റിയ്ക്ക് നൽകിയ 51,77,281 രൂപ ഉൾപ്പെടെ വാട്ടർ അതോറിറ്റിയ്ക്ക് കൈമാറിയിട്ടുള്ള 53,06,281 വിവരം അഡ്വാൻസ് രജിസ്റ്ററിൽ ചേർത്തിട്ടില്ല.

8) കമ്മ്യൂണിറ്റി ഹാൾ റീവയറിംഗിനായി പൊതുമരാമത്ത് വകുപ്പിന് നൽകിയ 317000 രൂപയുടെ വിവരം വാർഷിക കണക്കിലും ഡെപ്പോസിറ്റ് രജിസ്റ്ററിലും ചേർത്തിട്ടില്ല.

9) തെരുവ് വിളക്ക് ലൈൻ നീട്ടുന്നതിനായി 10,60,736 രൂപ കൈമാറിയിട്ടുണ്ടെങ്കിലും 9,91,448 രൂപയുടെ വിവരം മാത്രമാണ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. തനത് ഫണ്ടിൽ നിന്നും നൽകിയ 69288/- രൂപയുടെ വിവരം വാർഷിക കണക്കിൽ ചേർത്തിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്ററിൽ ഇതുസംബന്ധിച്ച രേഖപ്പെടുത്തൽ നടത്തിയിട്ടില്ല.

10) നിരതദ്രവ്യം, സെക്യൂരിറ്റി നിക്ഷേപം, റീടെൻഷൻ മുതലായ ഇനങ്ങളിലെ വരവ്, തിരികെ നൽകിയത്, തനത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടിയ തുക എന്നിവ സംബന്ധിച്ച് വാർഷിക കണക്കിലെ വിവരങ്ങൾ ഡെപ്പോസിറ്റ് രജിസ്റ്ററിലെ രേഖപ്പെടുത്തലുമായി പൊരുത്തപ്പെടുന്നില്ല.

11) തൊഴിൽ നികുതി, പെർമിറ്റ്, വാടക, ലേലം, ഡി&ഒ ലൈസൻസ് ഫീസ് മുതലായവയുടെ രജിസ്റ്ററിൽ ഡി.സി.ബി

തയ്യാറാക്കിയിട്ടില്ലാത്തതിനാൽ മേൽ വരവിനങ്ങളിൽ നിന്നും തൻവർഷം ലഭിച്ചതായി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയ തുകയുടെ ആധികാരികത വ്യക്തമല്ല.

12) വാർഷിക കണക്ക് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല. സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നുള്ള ഡി.സി.ബി സ്റ്റേറ്റ്മെന്റിൽ Book Adjustments എന്ന ശീർഷകത്തിൽ റെസിഡ്യൻഷ്യൽ, നോൺ റെസിഡ്യൻഷ്യൽ കെട്ടിടങ്ങളുടെ വസ്തു നികുതിയിനത്തിൽ തൻവർഷത്തെ വരവായി ഉൾപ്പെടുത്തിയ തുക ഏതൊക്കെ കെട്ടിടങ്ങളുടേതാണെന്നത് സംബന്ധിച്ച വിശദവിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

12) ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പഞ്ചായത്തിന്റെ ആസ്തികൾ സംബന്ധിച്ച പരിശോധന സാധ്യമായില്ല.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 30230877 |
| വരവ് | 89352457 |
| ആകെ | 119583334 |
| ചെലവ് | 96092237 |
| നീക്കിയിരിപ്പ് | 23491097 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 17944815 | 17944815 | 17943615 | 1200 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 10298443 | 10298443 | 6115677 | 4182766 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 535745 | 535745 | 478665 | 57080 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 3973000 | 3973000 | 3856836 | 116164 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 6431286 | 6431286 | 4266888 | 2164398 |
| സിഎഫ് സി അടിസ്ഥാന വിഹിതം | 0 | 20011201 | 20011201 | 10443376 | 9567825 |
| സിഎഫ് സി ടൈഡ് | 0 | 8090000 | 8090000 | 7996118 | 93882 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 239 | 203115415 | 105 | 72049580 | 134 | 0 | 44 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 15828 | 1748149 | 1763977 | 1749173 | 14804 |
| ഗുണഭോക്താകൾക്ക് നേരിട്ട് നല്കുന്നത് | | 32387975 | 32387975 | 32387975 | |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 131400 | 191 |
| കർഷകതൊഴിലാളി പെൻഷൻ | 4100400 | 3 |
| വിധവാപെൻഷൻ | 14018900 | 31 |
| വാർദ്ധക്യകാലപെൻഷൻ | 33241800 | 238 |
| വികലാംഗപെൻഷൻ | 5904300 | 11 |
| അവിവാഹിത പെൻഷൻ | 875800 | 3 |
| വിവാഹ ധനസഹായം | 60000 | 2 |

## 1-8 ക്യാഷ് വേരിഫിക്കേഷൻ

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 5.10.2021 തീയതിയിൽ 3:15 P.M സമയത്ത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 39501/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10.09.2021 | 05/21-08/21 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21.06.2016-05.07.16 | 12/13-15/16 | 4.08.2016 |

## 1-10 ആഭ്യന്തരനിയന്ത്രണം

1. വൗച്ചറുകൾ ക്രമമായി നമ്പരിട്ടു സൂക്ഷിക്കുകയോ ബിൽ രജിസ്റ്ററിൽ പൂർണ്ണമായി രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. 20-21 സാമ്പത്തികവർഷത്തെ 9/20, 10/20, 11/20, 12/20, 1/21, 2/21, 3/21 എന്നീ മാസങ്ങളിലെ പല വൗച്ചറുകളും പരിശോധനക്ക് ഹാജരാക്കിയില്ല.
2. ഫ്രണ്ട് ഓഫീസിൽ ലഭിക്കുന്ന അപേക്ഷകൾ നേരിട്ട് സെക്ഷനിലേക്ക് കൊടുക്കുന്ന രീതിയാണ് തുടരുന്നത്. തപാലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കപ്പെടുന്നില്ല.
3. സ്ഥാപനത്തിലെ പണം സൂക്ഷിപ്പിന് ഇൻഷ്വറൻസ് കവറേജ് ഇല്ല.
   വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കപ്പെടുന്നില്ല.
4. സ്റ്റോക്ക് രജിസ്റ്ററിൽ ആകെ സ്റ്റോക്ക് വിവരം, വാർഷിക സ്റ്റോക്ക് നീക്കിയിരിപ്പ് വിവരം എന്നിവ ലഭ്യമല്ല. വാർഷിക സ്റ്റോക്ക് ബാലൻസ് ഓഫീസ് മേധാവി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.
5. ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
6. ആസ്തി രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല.
7. ആസ്തികൾക്ക് ഇൻഷുറൻസ് പരിരക്ഷ നൽകുന്നില്ല.
8. കാലഹരണപ്പെട്ടതും പ്രവർത്തനരഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കൈയൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നുംതന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.
9. തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നില്ല.

## 1-11 രസീത് പരിശോധന - അപാകതകൾ

പാണാവള്ളി ഗ്രാമപഞ്ചായത്തിന്റെ 2020-21 സാമ്പത്തിക വർഷത്തെ രസീത് പരിശോധനയിൽ കാണപ്പെട്ട അപാകതകൾ താഴെ ചേർത്തിരിക്കുന്നു.

രസീത് ബുക്ക് നം. 1727 രസീത് നം.90 മുതൽ 100 വരെയായി 31.3.2021 ൽ പിരിച്ചിട്ടുള്ള 9995/- രൂപ പഞ്ചായത്ത് ഫണ്ടിൽ അതേ ദിവസം തന്നെ വരവു വച്ച് ബാങ്കിൽ ഒടുക്കുവരുത്തേണ്ടതാണെങ്കിലും അപ്രകാരം ചെയ്യാതെ 8.4.2021 ൽ ബാങ്കിൽ അടവു വരുത്തിയിട്ടുണ്ട്. പഞ്ചായത്ത് ഫണ്ടിൽ വരവു വയ്ക്കാതിരുന്നതുമൂലം 2020-21 വാർഷിക കണക്കിലും ആയത് ഉൾപ്പെട്ടിരുന്നില്ല. ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം.10) നല്കിയതിനെത്തുടർന്നാണ് മേൽ തുക വാർഷിക കണക്കിൽ ഉൾപ്പെടുത്തിയത്.

## 1-12 തൊഴിൽ നികുതി -- അപാകതകൾ

A) ജീവനക്കാരുടെ തൊഴിൽ നികുതി -- ഡിമാന്റ് രജിസ്റ്റർ അപൂർണ്ണം.

1) ജീവനക്കാരുടെ വരുമാനം സംബന്ധിച്ച് സ്ഥാപന മേധാവികൾ ഓരോ അർദ്ധ വർഷവും ഹാജരാക്കുന്ന റിട്ടേണിലെ വിവരങ്ങൾ പരിശോധിച്ച് ജീവനക്കാരുടെ വരുമാനത്തിന് ആനുപാതികമായി തൊഴിൽ നികുതി ഈടാക്കേണ്ടതും ഡിമാന്റ് രജിസ്റ്ററിൽ ജീവനക്കാരുടെ പേരുവിവരവും ഈടാക്കിയ നികുതി, രസീത് നമ്പർ തീയതി എന്നിവ കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ താഴെപറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും രണ്ടാം അർദ്ധ വർഷത്തെ തൊഴിൽ നികുതി ഈടാക്കിയതായി ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

A) സബ് ട്രഷറി ഓഫീസ് പൂച്ചാക്കൽ

B) സബ് രജിസ്ട്രാർ ഓഫീസ് പാണാവള്ളി

C) പാണാവള്ളി റൂറൽ ഹൗസിംഗ് സൊസൈറ്റി

D) ക്വാളിറ്റി ഫുഡ് പ്രോഡക്ട്സ്

E) S.W.T.D പാണാവള്ളി

F) മുത്തൂറ്റ് ഫിൻകോർപ്പ്, പൂച്ചാക്കൽ

ഗ്രാമപഞ്ചായത്ത് അലക്ഷ്യമായ രീതിയിലാണ് ഡിമാന്റ് രജിസ്റ്റർ കൈകാര്യം ചെയ്യുന്നത്. ഇതുമൂലം ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിലേയും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നുണ്ടോയെന്ന് പരിശോധിക്കുവാൻ സാധിക്കുന്നില്ല. ഗ്രാമപഞ്ചായത്തിന്റെ പ്രധാന തനത് വരുമാന സ്രോതസായ തൊഴിൽ നികുതി കൃത്യമായ പിരിച്ചെടുക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ഈവിഷയത്തിലേയ്ക്ക് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

2) സി.കെ.വി ഹോസ്പിറ്റൽ പൂച്ചാക്കൽ, പൂച്ചാക്കൽ മെഡിക്കൽ സെന്റർ എന്നീ സ്ഥാപനങ്ങളുടെ പേരുവിവരം വിവരം 2019-20, 2020-21 വർഷങ്ങളിലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. ടി സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും മേൽ വർഷങ്ങളിൽ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ രേഖാമൂലം ആവശ്യപ്പെട്ടെങ്കിലും മറുപടി നൽകിയില്ല. ടി സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും നികുതി കുടിശ്ശിക സഹിതം ഈടാക്കി അറിയിക്കേണ്ടതാണ്.

B) ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന നികുതി ഈടാക്കിയതിന്റെ രേഖകൾ ഹാജരാക്കിയില്ല.

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന താഴെപറയുന്ന ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും 2020-21 സാമ്പത്തിക വർഷം സ്ഥാപന നികുതി ഈടാക്കിയതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല. ഇതുസംബന്ധിച്ച രേഖകൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് എൻക്വയറി (നം. 24/25.10.21) നൽകിയെങ്കിലും മറുപടിയോ രേഖകളോ ഹാജരാക്കിയില്ല.

A) മുത്തൂറ്റ് ഫിൻകോർപ്പ് തൃച്ചാറ്റുകുളം

B) മുത്തൂറ്റ് ഫിൻകോർപ്പ് പൂച്ചാക്കൽ

C) സർവ്വീസ് സഹകരണ ബാങ്ക് - 901 പാണാവള്ളി

D) സർവ്വീസ് സഹകരണ ബാങ്ക് - 1249 പാണാവള്ളി

E) ഫെഡറൽ ബാങ്ക് തൃച്ചാറ്റുകുളം

F) ഗവ. സർവന്റ്സ് കോ-ഓപ്പറേറ്റീവ് ബാങ്ക് പൂച്ചാക്കൽ

G) ജില്ലാ സഹകരണ ബാങ്ക് പൂച്ചാക്കൽ

H) അനുഗ്രഹ ബാങ്ക് തൃച്ചാറ്റുകുളം

I) റൂറൽ ഹൗസിംഗ് ബാങ്ക് പാണാവള്ളി

J) കേരള ഗ്രാമീൺ ബാങ്ക് പൂച്ചാക്കൽ

മേൽ പരാമർശിച്ചിട്ടുള്ള ധനകാര്യ സ്ഥാപനങ്ങൾ 2020-21 വർഷം സ്ഥാപന നികുതി ഒടുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ

വിശദാംശങ്ങൾ ഹാജരാക്കേണ്ടതാണ്. സ്ഥാപന നികുതി ഈടാക്കിയിട്ടില്ലെങ്കിൽ ആയത് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-13 കടമുറികളുടെ വാടക കുടിശ്ശിക ഈടാക്കിയില്ല

പഞ്ചായത്തിലെ വാടക സംബന്ധിച്ച രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ 2020-21 വർഷത്തെ വാടകയിനത്തിൽ ചുവടെ ചേർത്തിരിക്കുന്ന കടമുറികളുടെ വാടകയിൽ കുടിശ്ശിക നിലനിൽക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് , മേൽവിലാസം | ബിൽഡിങ്ങ് നം./ റൂം നം. | വാടക കുടിശ്ശിക |
|---|---|---|---|
| 1 | സാബു.എ.എസ്, അഞ്ചു തുരുത്ത് | VIII/551 | 1775×5= 8,875/- |
| 2 | ബേബി.എ.സി, അടയത്തുവെളി | VIII/552 | 2507×10= 25,070/- |
| 3 | ശ്യാം കുമാർ, കരുണാലയം. | VIII/553 | 5,043×12 = 60,516/- |
| 4 | സ്നേഹവർണ്ണൻ, കടേപ്പറമ്പ് | VIII/559 | 1217×10 =12,170/- |
| 5 | ഷാജി, വലക്കടവ് | VIII/556 | 1338×12=16,056/- |
| 6 | സാജൻ, വലക്കടവ് | VIII/560 | 1405×12 = 16,860/- |
| ആകെ | | | 1,39,547/- |

കുടിശ്ശിക ഓഡിറ്റ് തീയതി വരെയും ലഭിച്ചിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം:08/തീയതി: 16-10-2021) മറുപടി ലഭ്യമാക്കിയിട്ടില്ല. കടമുറികളുടെ വാടക കുടിശ്ശിക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-14 ഡി & ഒ ലൈസൻസ് പരിശോധന - അപാകതകൾ

പാണാവള്ളി ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ഡി & ഒ. ലൈസൻസിന്റെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

(1). ആവശ്യമായ രേഖകൾ ഇല്ലാതെ ഡി & ഒ. ലൈസൻസ് നല്കുന്നു

ഡി & ഒ. ലൈസൻസ് നേടുന്നതിന് ആവശ്യമായ നിരാക്ഷേപപത്രങ്ങൾ പല അപേക്ഷകളിലും കാണുന്നില്ല. മലിനീകരണ നിയന്ത്രണ ബോർഡിന്റെ ക്ലിയറൻസ് സർട്ടിഫിക്കറ്റ്, ഫയർ & സേഫ്റ്റി സർട്ടിഫിക്കറ്റ്, സാനിട്ടേഷൻ സർട്ടിഫിക്കറ്റ്, മെഡിക്കൽ സ്റ്റോറുകൾക്കാവശ്യമായ ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ സർട്ടിഫിക്കറ്റ്, ലാബുകൾക്കാവശ്യമായ ജില്ലാ മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റ്, ഭക്ഷണ സാധനങ്ങളുടെ പ്രോസസിംഗ് നടത്തുന്നതിനുള്ള ഫുഡ് സേഫ്റ്റി & സ്റ്റാൻഡാർഡ് അതോറിറ്റി (Fssai) സർട്ടിഫിക്കറ്റ്, സോഡാ നിർമ്മാണത്തിനുള്ള വാട്ടർ അതോറിറ്റിയുടെ ജല പരിശോധന സർട്ടിഫിക്കറ്റ് മുതലായവ സമർപ്പിക്കാത്ത അപേക്ഷകർക്കും ഡി. & ഒ. ലൈസൻസ് നല്കിയിരിക്കുന്നു. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| രജിസ്റ്ററിലെ അപേക്ഷാ ക്രമ നം. | അപേക്ഷകന്റെ പേര്, സ്ഥാപനം | അപാകതകൾ |
|---|---|---|
| 56 | നവാസ് ഷാ<br>ക്യൂബ് ഐസ് നിർമ്മാണം | മലിനീകരണ നിയന്ത്രണ ബോർഡിന്റെ സർട്ടിഫിക്കറ്റ് ഇല്ല |
| 65 | ആനി സേവ്യർ<br>ആയുർവേദ ചികിത്സാലയം | ജില്ലാ മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റ് ഇല്ല. |
| 123 | രതീഷ് ചക്കിത്തറ<br>മെഷീൻ ചപ്പാത്തി നിർമ്മാണം | Fssai സർട്ടിഫിക്കറ്റ് ഇല്ല. |
| 133 | എം,ഡി., ഫുഡ്കോ ഡെലീക്കസിസ്- പച്ചക്കറി, മത്സ്യം, മാംസം പ്രോസസിംഗ് കമ്പനി | Fssai സർട്ടിഫിക്കറ്റ് ഇല്ല. |
| 137 | ജയിംസ് സഖറിയാസ്, അഞ്ചുതറ -അച്ചാർ നിർമ്മാണ, -വിപണന കമ്പനി | - ടി - |
| 233 | സുധീഷ്,<br>പെൻഗ്വിൻ സോഡ നിർമ്മാണം | ജല പരിശോധനാ സാക്ഷ്യപത്രമില്ല. |
| 235 | ബിനിൽ.കെ.അനിൽ<br>കാർ ക്ലീൻ - കാർ പോളിഷിംഗ് | മലിനീകരണ നിയന്ത്രണ ബോർഡിന്റെ സർട്ടിഫിക്കറ്റ് ഇല്ല |

2. പല സ്ഥാപനങ്ങളും ഡി & ഒ ലൈസൻസ് എടുക്കുന്നില്ല

പഞ്ചായത്തിന്റെ തെക്കേ അതിർത്തിയായ പൂച്ചാക്കൽ ടൗണിൽ പാലത്തിനു വടക്കുവശം മുതൽ ചേർത്തല അരൂക്കുറ്റി റോഡിന് ഇരുവശത്തുമായി ലോഡ്ജ്, ഹോസ്പിറ്റൽ, ക്ലിനിക്കുകൾ, ധനകാര്യ സ്ഥാപനങ്ങൾ തുടങ്ങിയവയും പഞ്ചായത്തിൽ ആയുർവേദ ചികിത്സാ കേന്ദ്രങ്ങൾ, കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ, ട്യൂട്ടോറിയലുകൾ, പെട്രോൾ പമ്പുകൾ തുടങ്ങി നിരവധി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും എല്ലാ സ്ഥാപനങ്ങളും ഡി. & ഒ. ലൈസൻസ് നേടിയതായി കാണുന്നില്ല. വാർഡുതല ട്രേഡേഴ്സ് രജിസ്റ്റർ എഴുതിയിട്ടുണ്ടെങ്കിലും വളരെക്കുറച്ച് സ്ഥാപനങ്ങൾ മാത്രമാണ് അതിൽ ചേർത്തിരിക്കുന്നത്. പഞ്ചായത്തിൽ ഒരു സ്വകാര്യ മദ്യവില്പനശാല പ്രവർത്തിക്കുന്നുണ്ടെങ്കിലും ആയതിന്റെ പേരിൽ ഹോട്ടൽ & റസ്റ്റോറന്റിനുള്ള ലൈസൻസ് മാത്രമാണ് എടുത്തിട്ടുള്ളതായി ഡി & ഒ. ലൈസൻസിനുള്ള അപേക്ഷകളുടെ പരിശോധനയിൽ കാണാൻ കഴിഞ്ഞത്. നിരവധി ആധാരമെഴുത്ത് ലൈസൻസികളും പലർക്കും ഓഫീസുകളും ഉണ്ടെങ്കിലും ഒന്നോ രണ്ടു പേർ മാത്രമാണ് പഞ്ചായത്തിൽ നിന്നും ഡി. & ഒ. ലൈസൻസ് എടുക്കുകയും തൊഴിൽ നികുതി അടവാക്കുകയും ചെയ്തിട്ടുള്ളത്. എല്ലാ സ്ഥാപനങ്ങളും ഡി & ഒ. ലൈസൻസ് എടുക്കുന്നതിനുവേണ്ട മേൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. ഡി & ഒ ലൈസൻസിനുള്ള അപേക്ഷകൾ പലതും കാണുന്നില്ല .

ഡി & ഒ രജിസ്റ്റർ പ്രകാരമുള്ള അപേക്ഷകളിൽ പലതും കാണുന്നില്ല. രജിസ്റ്റർ പ്രകാരം ആദ്യത്തെ 50 വരെ അപേക്ഷകളിൽ തന്നെ 1, 2, 3, 6, 7, 12, 18, 19, 20, 22, 23 (23 നമ്പരായി രണ്ട് അപേക്ഷകൾ), 25, 26, 27, 38, 39, 42, 43, 45, 46 എന്നിവ കാണുന്നില്ല. ചില അപേക്ഷകരുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| രജിസ്റ്ററിലെ അപേക്ഷാ ക്രമ നം. | അപേക്ഷകന്റെ പേര്, സ്ഥാപനം | അപാകതകൾ |
|---|---|---|
| 1 | എം.കെ. അബ്ദുൾ ഖാദർ, എ.കെ.ഫോമിംഗ്സ് ഇന്ത്യ (പ്രൈ.)ലിമിറ്റഡ് | റൂഫിംഗ് ഷീറ്റ് നിർമ്മാണം |
| 2 | കെ.വി.ജോർജ്ജ് & പാർട്ട്നർ, കണ്ണികാട്ട് ഫുഡ് പ്രോഡക്ട്സ് | അച്ചാർ അനുബന്ധ ഉൽപ്പന്ന നിർമ്മാണം |
| 3 | എ.ബി.ഹസൻ, ഷാജഹാൻ മൻസിൽ | പലചരക്ക്, പച്ചക്കറി വ്യാപാരം |
| 12 | നൗഷാദ്, നിഅമത്ത്, വടുതലജെട്ടി | സിമന്റ്, കമ്പി, കെട്ടിടനിർമ്മാണ സാമഗ്രികളുടെ വിൽപ്പന |
| 19 | ആസിഫ് അക്രം, പുത്തൻവെളിയിൽ | ടൈൽസ്, ഗ്രാനൈറ്റ്, സാനിട്ടറി ഉപകരണങ്ങളുടെ വിൽപ്പന |
| 23 | നവാസ് എച്ച്., ഗ്രീൻലാന്റ് - പുന്നാത്തറ | ഹാർഡ്‌വെയർ, പെയിന്റ് |

അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിലെ അലംഭാവമാണ് അപേക്ഷകൾ പലതും കാണാതായത് എന്ന് മനസ്സിലാക്കുന്നു. അപേക്ഷകൾ കാര്യക്ഷമമായി സൂക്ഷിക്കുന്നതിനുവേണ്ട നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

4. 2020-21 വർഷം ഡി & ഒ ലൈസൻസ് ഫീ ഈടാക്കിയതിൽ കുറവ്

പാണാവള്ളി ഗ്രാമപഞ്ചായത്തിൽ ഡി & ഒ ലൈസൻസിനുള്ള അപേക്ഷകളിൽ 31.10.2017ലെ ജി.ഒ.(പി) നം.80/2017 /തസ്വഭവ നം. സർക്കാർ ഉത്തരവ് പ്രകാരം 500/- രൂപ ഏറ്റവും കുറഞ്ഞ ലൈസൻസ് ഫീയായി ഈടാക്കേണ്ടതാണെങ്കിലും 2020-21 സാമ്പത്തികവർഷത്തെ ആദ്യമാസങ്ങളിൽ മിക്ക അപേക്ഷകളിൽ നിന്നും ഡി & ഒ ലൈസൻസ് ഫീ ഈടാക്കിയതിൽ കുറവ് കാണുന്നു. ഉദാ :-

| രജിസ്റ്റർ പ്രകാരമുള്ള ക്രമ നം. | അപേക്ഷകൻ | ഈടാക്കിയത് | കുറവ് |
|---|---|---|---|
| 43 | അനിത അജയൻ ലേഡീസ് സ്റ്റോർ | 100 | 400 |
| 59 | മജീദ് - പലചരക്ക് കട | 200 | 300 |
| 151 | അൻസർ - പൊടിമില്ല് | 100 | 400 |

| | | | |
|---|---|---|---|
| 103 | സെയ്ദുമുഹമ്മദ് - വസ്ത്രവ്യാപാരം | 200 | 300 |
| 12 | നൗഷാദ് - സിമന്റ്, കമ്പി, കെട്ടിട നിർമ്മാണ സാമഗ്രികൾ | 300 | 200 |

ലൈസൻസ് ഫീ കുറവായി അടവാക്കിയ പല സ്ഥാപനങ്ങളും നിരവധി കടമുറികളിലും വളരെ വിസ്തൃതമായ ഏരിയയിൽ പ്രവർത്തിക്കുന്നവയുമാണ്. വ്യാപാരി വ്യവസായി ഏകോപന സമിതി പഞ്ചായത്തിൽ ധർണ്ണ നടത്തിയതിനെത്തുടർന്നും അവരുടെ പ്രതിഷേധത്തെത്തുടർന്നും 2018-19വർഷത്തെ നികുതി മാത്രം ഈടാക്കിയാൽ മതിയെന്ന് സെക്രട്ടറി വാക്കാൽ നിർദ്ദേശം നല്കിയതാണെന്നാണ് ഇതു സംബന്ധിച്ച് ഡി. & ഒ. സെക്ഷൻ ക്ലർക്ക് നല്കിയ വിശദീകരണം.

തുടർന്ന് പഞ്ചായത്ത് കമ്മിറ്റി ഇതു സംബന്ധിച്ച് 2021-22 സാമ്പത്തികവർഷം 23.7.2021 ൽ മാത്രമാണ് 4/1 നം. തീരുമാനം എടുത്ത് 500 രൂപയിൽ കുറഞ്ഞ തുകകളും ഉൾപ്പെടെ വിവിധ സ്ലാബുകളായി ഡി. & ഒ. ലൈസൻസ് ഫീസ് നിശ്ചയിച്ചത്. ഈ തീരുമാനം സർക്കാരിന്റെ മേൽ ഉത്തരവിനനസൃതവുമല്ല. ആയതിനാൽ നഷ്ടമായ തുക കണക്കാക്കി ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്

## 1-15 മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് -- രേഖകൾ ഹാജരാക്കിയില്ല.

2020-21 സാമ്പത്തിക വർഷം ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർഫീസ് ഇനത്തിൽ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടിവ് എൻജിനീയറുടെ അക്കൗണ്ടിലേക്ക് ഓൺലൈനായി ട്രാൻസ്ഫർ ചെയ്തിട്ടുള്ള തുകയുടെ വിവരം രേഖാമൂലം ആവശ്യപ്പെട്ടിട്ടും (ഓഡിറ്റ് എൻക്വയറി നം. ) ഹാജരാക്കിയില്ല. എക്സിക്യൂട്ടിവ് എൻജിനീയറുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത ടെണ്ടർ ഫീസ് തുക എത്രയുംവേഗം തിരികെ ലഭിക്കാനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-16 ഘടക സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ -- അപാകതകൾ

1) പ്രോജക്റ്റിൽ നിന്നും വ്യതിചലിച്ച് പദ്ധതി നടപ്പാക്കി.

പഞ്ചായത്ത് ഭരണ സമിതിയുടെ 18.6.2019ലെ തീരുമാന പ്രകാരം ജി.ഒ(പി) നം 02.2018/SPD Dt. 28.4.2018 അനുസരിച്ച് Govt E Market Place (GeM) മുഖേന കെ.എം ടെക്നോളജീസിൽ നിന്നും ഏഴ് ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറുകളും അഞ്ച് പ്രിന്ററുകളും വാങ്ങുന്നതിനായി വികസന ഫണ്ടിൽ നിന്നും 75000 രൂപയും മെയിന്റനൻസ് ഗ്രാന്റിൽ (നോൺ റോഡ്) നിന്നും 293,457 രൂപയും ചെലവഴിച്ചിട്ടുണ്ട്. അസി.എഞ്ചിനീയറുടെ ഓഫീസ്, പ്രാഥമികാരോഗ്യ കേന്ദ്രം, കൃഷി ഭവൻ, വി.ഇ.ഒ ഓഫീസ്, സ്കൂൾ തുടങ്ങിയ ഘടക സ്ഥാപനങ്ങളുടെ ഉപയോഗത്തിനാണ് ഇവ വാങ്ങുന്നതെന്നാണ് ഡി.പി.സി അംഗീകരിച്ച പ്രോജക്റ്റിൽ പറഞ്ഞിട്ടുള്ളത്. എന്നാൽ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ, പ്രോജക്റ്റിൽ വിഭാവനം ചെയ്തതുപോലെയല്ല പദ്ധതി നടപ്പാക്കിയതെന്ന് കാണുന്നു. പ്രോജക്റ്റ് പ്രകാരം വാങ്ങിയ ഏഴ് ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറുകളിൽ നാലെണ്ണവും (പി.എച്ച്.സിയ്ക്ക് മൂന്ന്, കൃഷിഭവന് ഒന്ന്) അഞ്ച് പ്രിന്ററുകളിൽ ഒരെണ്ണവും (പി.എച്ച്.സിയ്ക്ക്) മാത്രമാണ് ഘടക സ്ഥാപനങ്ങൾക്ക് നൽകിയിട്ടുള്ളത്. ശേഷിക്കുന്ന മൂന്ന് കമ്പ്യൂട്ടറുകളും നാല് പ്രിന്ററുകള ഗ്രാമപഞ്ചായത്തിന്റെ ആവശ്യത്തിനാണ് ഉപയോഗിക്കുന്നത്. അംഗീകൃത പ്രോജക്റ്റിൽ നിന്നും വ്യതിചലിച്ച് പദ്ധതി നടപ്പാക്കിയത് ക്രമവിരുദ്ധമാണ്. ഘടക സ്ഥാപനങ്ങൾ കമ്പ്യൂട്ടറുകളും പ്രിന്ററുകളും ആവശ്യപ്പെട്ട് ഗ്രാമപഞ്ചായത്തിന് രേഖാമൂലം കത്ത് നൽകിയതായോ ആയത് പദ്ധതി ആസൂത്രണ വർക്കിംഗ് ഗ്രൂപ്പിൽ ചർച്ച ചെയ്തതായോ രേഖയില്ല. ഘടക സ്ഥാപനങ്ങൾക്കെന്ന പേരിൽ മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) ചെലവഴിച്ച് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങുകയും ആയത് മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുകയും ചെയ്യുന്നത് മെയിന്റനൻസ് ഗ്രാന്റ് വിനിയോഗം സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെ ലംഘനമാണ്.

2) ജി.എസ്.ടി ഉറവിടത്തിൽ കുറവ് ചെയ്തില്ല.

കേന്ദ്ര ചരക്ക സേവന നികുതി നിയമം 2017 (2017-ലെ 12-ാം നിയമം), കേരള ചരക്ക സേവന നികുതി നിയമം 2017 (2017-ലെ 20-ാം നിയമം) എന്നീ നിയമങ്ങളിലെ സെക്ഷൻ 51 അനുസരിച്ച് ഒരു കരാറിൻ പ്രകാരം രണ്ടര ലക്ഷം രൂപയിൽ കവിയുന്ന നികുതി വിധേയമായ സാധനങ്ങളുടെയൊ സേവനങ്ങളുടെയൊ വാങ്ങലുകൾ നടത്തിയതിന്റെ പേയ്മെന്റ് നടത്തുമ്പോൾ ടി തുകയിൽ നിന്നും 2% നികുതി ഉറവിടത്തിൽ നിന്നും കുറവ് ചെയ്യേണ്ടതാണ്. കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന്റെ (റവന്യൂ വിഭാഗം) 13.09.2018-ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ പ്രകാരം 01.10.2018 മുതൽ ആയത് പ്രാബല്യത്തിൽ വരുത്തിക്കൊണ്ട് ഉത്തരവായിട്ടുണ്ട്. മേൽ പ്രോജക്റ്റ് പ്രകാരം കോട്ടയം കെ.എം ടെക്നോളജീസിൽ നിന്നും കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനായി 293,457/-രൂപ താഴെപറയുന്ന ബില്ലുകൾ പ്രകാരം നല്കിയിട്ടുണ്ട്. എന്നാൽ ഈ സ്ഥാപനത്തിന് പേയ്മെന്റ് നടത്തിയപ്പോൾ ബില്ലിൽ നിന്നും ജി.എസ്.റ്റി കുറവ് ചെയ്തതിട്ടില്ല.

ചെലവ് വിവരം

വികസന ഫണ്ട് -- 75000/- (ബിൽ നം - 4441/5.3.21)

എം.ജി (എൻ.ആർ) - 2,93,457/- (ബിൽ നം - 4442/5.3.21)

## 1-17 സ്ട്രീറ്റ് ലൈൻ നീട്ടൽ -- പ്രവൃത്തി പൂർത്തീകരണ വിവരം ലഭ്യമാക്കിയില്ല

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ തെരുവ് വിളക്ക് ലൈൻ സ്ഥാപിക്കുന്നതിനായി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ സ്ട്രീറ്റ് ലൈൻ നീട്ടൽ (പ്രോ.നം-114/21) പ്രകാരം 10,60,736 രൂപ കെ.എസ്.ഇ.ബി. ചേർത്തല ഇലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത് നൽകിയിട്ടുണ്ട്. എന്നാൽ തുക കൈമാറുന്നതിന് മുമ്പ് പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് വൈദ്യുതി ബോർഡുമായി കരാർ ചമച്ചിട്ടില്ല. കരാറിലേർപ്പെടാതെ വൈദ്യുതി ബോർഡിന് തുക നൽകിയത് ക്രമവിരുദ്ധമാണ്. ടി നിക്ഷേപ പ്രവൃത്തിയുടെ നിലവിലെ അവസ്ഥ സംബന്ധിച്ചും മുൻവർഷങ്ങളിൽ ബോർഡിൽ നിക്ഷേപിച്ച 20,06,979 രൂപയുടെ പ്രവൃത്തികളുടെ പുരോഗതി സംബന്ധിച്ചും വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് (നം. 15/19.10.21) മറുപടി നൽകിയില്ല. വിവിധ ലൈൻ എക്സ്റ്റൻഷൻ പദ്ധതികൾക്കായി തൻവർഷത്തേത് ഉൾപ്പെടെ 29,98,427 രൂപ കെ.എസ്.ഇ.ബി.യ്ക്ക് നൽകിയിട്ടുണ്ടെങ്കിലും ഇതുസംബന്ധിച്ച് 2020-21 വർഷത്തെ ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ ഒന്നുംതന്നെയില്ല. നിക്ഷേപ പ്രവൃത്തികൾ സമയബന്ധിതമായി നടപ്പാക്കുന്നുവെന്ന് നിരീക്ഷിക്കുന്നതിന് ഓരോ പ്രവൃത്തി സംബന്ധിച്ച വിവരവും ഡെപ്പോസിറ്റ് രജിസ്റ്ററിൽ ചേർക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി വിവിധ ഏജൻസികൾക്ക് നൽകുന്ന തുകയുടെ വിവരം കൃത്യമായി രേഖപ്പെടുത്താതെ പോകുന്നത് പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ പോരായ്മയാണ് വെളിവാക്കുന്നത്. ടി കാരണങ്ങളാൽ വിവിധ ലൈൻ എക്സ്റ്റൻഷൻ പദ്ധതികൾക്കായി തൻവർഷം വൈദ്യുതി ബോർഡിൽ നിക്ഷേപിച്ച 10,60,736 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ചെലവ് വിവരം

വികസന ഫണ്ട് - 71448/- (ബിൽ നം - 442034/30.3.2021)

ധനകാര്യ കമ്മീഷൻ ഗ്രാന്റ് -- 920000/- (ബിൽ നം - 442041/30.3.2021)

തനത് ഫണ്ട് -- 69288/- (ലഭ്യമാക്കിയില്ല)

## 1-18 മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) നടപ്പാക്കിയ പ്രോജക്ടുകൾ

2020-21 വർഷം മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്ടുകളുടെ പരിശോധനയിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.

1. പി.എച്ച്.സി.ക്ക് മരുന്ന് വാങ്ങൽ (പ്രോജക്ട് നം .48) – മരുന്ന് ലഭ്യമായിട്ടില്ല.

അടങ്കൽ - 200000/- (മെയിന്റനൻസ് ഫണ്ട്- റോഡിതരം)

ചെലവ് - 200000/-

ബിൽ നം. 30/20-21/13.1.21 (വൗച്ചർ നം.22001034/13.1.21)

ഈ പ്രോജക്ട് പ്രകാരം 13.01.21 ൽ 200000/- രൂപ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് നല്കിയിട്ടുണ്ടെങ്കിലും മരുന്നുകൾ ഇതുവരെ ലഭിച്ചിട്ടില്ല. പണം നല്കി മാസങ്ങൾക്കുശേഷവും മരുന്നുകൾ ലഭ്യമാക്കാത്ത സാഹചര്യത്തിൽ ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു.

മരുന്നുകൾ ലഭ്യമാകാതെ മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ പ്രോഫോർമ ഇൻവോയ്സ് ലഭിക്കുമ്പോൾതന്നെ മരുന്നുകൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിരിക്കുന്നത് ശരിയായ നടപടിയല്ല.

2. സ്വാന്തന പരിചരണം ( പ്രോജക്ട് നം – 49) –

അടങ്കൽ - 969520/- -409520/- (മെയിന്റനൻസ് ഫണ്ട്- റോഡിതരം)

- 400000/- (തനത് ഫണ്ട്)

- 160000/- ( ബ്ലോക്ക് വിഹിതം)

ചെലവ് - 408320/- (മെയിന്റനൻസ് ഫണ്ട്- റോഡിതരം)

- 184712/- ( തനത് ഫണ്ട്)

- 160000/- ( ബ്ലോക്ക് വിഹിതം)

ആകെ - 753032/-

ഈ പദ്ധതി പരിശോധനയിൽ കണ്ട അപാകതകൾ സംബന്ധിച്ച വിശദവിവരം താഴെ ചേർക്കുന്നു.

താഴെപ്പറയുന്ന വാങ്ങലുകളിൽ അപാകതകൾ കാണുന്നു.

| ഇൻവോയ്സ് നം. | സ്ഥാപനം | തുക | ബിൽ നം. | റിമാർക്സ് |
|---|---|---|---|---|
| 1992/30.1020 | OSTEM | 50000/- | 26/6.11.20 വൗ.നം.22001001/6.11.20 | സ്റ്റോക്കിൽ ചേർത്തതായി കാണുന്നില്ല. അധികാരപ്പെട്ട ഉദ്യോഗസ്ഥരുടെ ആവശ്യകതാ സാക്ഷ്യപത്രമോ ക്വട്ടേഷനോ ഫയലിൽ ചേർത്ത് ഹാജരാക്കിയിട്ടില്ല. |
| 197/തീയതി ഇല്ല | ഫീനിക്സ് ഇന്റർനാഷണൽ | 48763/- | 32/18.1.21 വൗ.നം.22001039/18.1.21 | അധികാരപ്പെട്ട ഉദ്യോഗസ്ഥരുടെ ആവശ്യകതാ സാക്ഷ്യപത്രമോ ക്വട്ടേഷനോ ഫയലിൽ ചേർത്ത് ഹാജരാക്കിയിട്ടില്ല. |
| 2199/2.1.21 | സെൻട്രൽ സർജിക്കൽസ് | 45405/- | 32/18.1.21 വൗ.നം.22001039/18.1.21 | -ടി- |
| 208/12.1.21 | ഫീനിക്സ് ഇന്റർനാഷണൽ | 35043/- | 34/18.1.21 വൗ.നം.22000686/28.1.21 | -ടി- |
| 2263/11.1.21 | ഫീനിക്സ് ഇന്റർനാഷണൽ | 23855/- | 34/18.1.21 വൗ.നം.22000686/28.1.21 | -ടി- |
| 2290/15.1.21 | സെൻട്രൽ സർജിക്കൽസ് | 36474/- | 38/10.2.21 വൗ.നം.22001060/10.2.21 | -ടി-, സ്റ്റോക്കിൽ ചേർത്തതായി കാണുന്നില്ല. |
| ആകെ തുക | | 239540 | | |

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 21/23.10.21) മറുപടി ലഭ്യമാക്കിയില്ല. മേൽ രേഖകൾ ഹാജരാക്കാത്തതിനാൽ 239540/- രൂപ തടസ്സപ്പെടുത്തുന്നു.

3. ആർദ്രം പദ്ധതി – നഴ്സ്, ഹെൽപ്പർ എന്നിവർക്ക് വേതനം (പ്രോജക്ട് നം . 51)–

അടങ്കൽ - 581000/- (തനത് ഫണ്ട്)

ചെലവ് - 355635/-

(1) മേൽ പ്രോജക്ടിനായി ബിൽ നം. 11/20-21 തീയതി 09.7.2020 പ്രകാരം 21433/- രൂപ ചെലവഴിച്ചിട്ടുണ്ട്. എത്ര ദിവസത്തെ വേതനമാണ് നല്കിയിരിക്കുന്നതെന്ന് രേഖപ്പെടുത്തിയിട്ടില്ല.

(2) 2020 നവംബർ മുതൽ 2021 ജനവരി വരെ നഴ്സിന് 24250/-രൂപ നിരക്കിലും ഹെൽപ്പർക്ക് 10400/-രൂപ നിരക്കിലുമാണ് ഹോണറേറിയം നല്കിയിരിക്കുന്നത്. 2021 ഫെബ്രുവരി മുതൽ നഴ്സിന് 2020 ഒക്ടോബർ വരെയുള്ള നിരക്കായ 17000/- രൂപ നിരക്കിലും ഹെൽപ്പർക്ക് 9600/-രൂപ നിരക്കിലുമാണ് വേതനം നല്കിയിരിക്കുന്നത് (ബിൽ നം.35/3.2.21, 41/3.3.21, 45/28.3.21). എന്നാൽ ഫെബ്രുവരി മാസം 24250/- രൂപയുള്ള രസീതാണ് ഹാജരാക്കിയിരിക്കുന്നത്. ഫെബ്രുവരി മുതൽ വേതനം കുറവ് വരുത്തിയതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.

മേൽ കാര്യങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം.21/23.10.21) നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

## 1-19 കമ്മ്യൂണിറ്റി ഹാൾ റീവയറിംഗ് -- പദ്ധതി തുക കൈമാറുന്നതിൽ കാലവിളംബം, പ്രവൃത്തി ആരംഭിച്ചില്ല

പൊതുമരാമത്ത് വകുപ്പ് ഇലക്ട്രിക്കൽ സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ആലപ്പുഴയുടെ 9.3.2020ലെ എസ്റ്റിമേറ്റ് പ്രകാരം കമ്മ്യൂണിറ്റി ഹാൾ റീവയറിംഗിന് 5,17,900 രൂപയാണ് ചെലവ് കണക്കാക്കിയിട്ടുള്ളത്. എന്നാൽ 2020-21 വർഷം സ്പിൽ ഓവറായി നടപ്പാക്കിയ ടി പ്രോജക്ടിനായി (പ്രോ.നം-146/21) വികസന ഫണ്ടിൽ നിന്നും 3,17,000 രൂപയും തനത് ഫണ്ടിൽ നിന്നും 2,00,000 രൂപയും ഉൾപ്പെടെ ആകെ 5,17,000 രൂപയാണ് വകയിരുത്തിയത്. ഇതിൽ 2,00,000 രൂപ 20.4.2020ൽ വികസന ഫണ്ടിൽ നിന്നും പിൻവലിച്ച് നൽകിയതിന് ശേഷം പിന്നീട് 25.3.2021ലാണ്

വികസന ഫണ്ടിൽ ശേഷിച്ച 117000 രൂപ മാറി നൽകിയത്. പ്രോജക്റ്റിൽ ഉൾപ്പെടുത്തിയ തനത് ഫണ്ട് വിഹിതം 22.6.21ൽ ട്രഷറി ചെലാൻ (ഹെഡ് നം- 8443-00-105 PWD) മുഖേന അടവാക്കിയതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. തനത് ഫണ്ട് കൈമാറിയത് 06/21ൽ ആണെങ്കിലും പ്രോജക്റ്റ് 2021-22 വർഷത്തേയ്ക്ക് സ്പിൽ ഓവർ ആക്കിയിട്ടില്ല. എസ്റ്റിമേറ്റ് പ്രകാരമുള്ള തുകയിൽ 3,17,000 മാത്രമാണ് ലഭിച്ചിട്ടുള്ളതെന്നും പ്രവൃത്തി ആരംഭിക്കുന്നതിനായി മുഴുവൻ തുകയും എത്രയും വേഗം ഒടുക്കണമെന്ന് ആവശ്യപ്പെട്ട് 09/2021ൽ പൊതുമരാമത്ത് ഓഫീസിൽ നിന്നും രേഖാമൂലം അറിയിച്ചിട്ടുണ്ട്. തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച 2,00,000 രൂപ പൊതുമരാമത്ത് വകുപ്പ് കൈപ്പറ്റിയിട്ടുണ്ടെങ്കിൽ ആയതിന്റെ കൈപ്പറ്റ് രസീത് ഹാജരാക്കുവാൻ രേഖാമൂലം ആവശ്യപ്പെങ്കിലും നൽകിയില്ല. പദ്ധതി പ്രകാരമുള്ള തുകയിൽ ഒരു ഭാഗം 4/2020ൽ നൽകിയതിന് ശേഷം ശേഷിക്കുന്ന തുക കൈമാറാൻ 06/21 വരെ കാത്തിരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമല്ല. തനത് ഫണ്ടിൽ നിന്നും നൽകിയ തുക നിർവ്വഹണ ഏജൻസിയ്ക്ക് ലഭിച്ചുവെന്ന് ഉറപ്പാക്കാത്തതിനാലും എസ്റ്റിമേറ്റ് പ്രകാരമുള്ള തുകയിൽ 900 രൂപകൂടി ഇനിയും പൊതുമരാമത്തിന് നൽകാനുള്ളതിനാലും പൊതുമരാമത്ത് വകുപ്പ് പ്രവൃത്തി നടപ്പാക്കുവാൻ ആരംഭിച്ചിട്ടില്ല. പദ്ധതി ആസൂത്രണ, നിർവ്വഹണത്തിലെ പാളിച്ചയാണ് ഇതിനിടയാക്കിയത്. കൂടാതെ തുക കൈമാറുന്ന സമയത്ത് പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പുമായി എഗ്രിമെന്റിൽ ഏർപ്പെട്ടിട്ടില്ല. തന്മൂലം നാളിതുവരെ ആരംഭിക്കാത്ത മേൽ പ്രവൃത്തി എപ്പോൾ തുടങ്ങുമെന്നോ പൂർത്തിയാക്കുമെന്നോ ഗ്രാമപഞ്ചായത്തിന് യാതൊരുവിധ ധാരണയുമില്ല. ഡെപ്പോസിറ്റ് പ്രവൃത്തിയായി നടപ്പാക്കുന്നതിന് PWDയ്ക്ക് നൽകിയ മേൽ തുകയുടെ വിവരം ഡെപ്പോസിറ്റ് രജിസ്റ്ററിലും വാർഷിക കണക്കിലും ഉൾപ്പെടുത്തിയിട്ടില്ല. ടി കാരണങ്ങളാൽ കമ്മ്യൂണിറ്റി ഹാൾ റീവയറിംഗ് എന്ന പ്രോജക്റ്റിനായി പൊതുമരാമത്ത് വകുപ്പിൽ തൻവർഷം നിക്ഷേപിച്ച 3,17,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മേൽ അപാകതകളിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 14/19.10.21) മറുപടി ലഭ്യമാക്കിയില്ല.

ചെലവ് വിവരം.

വികസന ഫണ്ട് -- 2,00,000 (ബിൽ നം 06/20.4.2020)

-- 1,17,000 (ബിൽ നം 13/ 25.3.2021)

തനത് ഫണ്ട് -- 2,00,000 (ചെക്ക് നം 5284328/21.6.21)

## 1-20 ജലജീവൻ മിഷൻ പദ്ധതി നടപ്പാക്കിയിട്ടും വെള്ളക്കരം ഒടുക്കുന്നു -- ഗ്രാമപഞ്ചായത്തിന് അധിക സാമ്പത്തിക ബാധ്യത.

ജലജീലൻ മിഷൻ പദ്ധതി പ്രകാരം സമ്പൂർണ്ണ ഗാർഹിക കുടിവെള്ള കണക്ഷൻഎന്ന ലക്ഷ്യം കൈവരിക്കുന്നതിന് വാട്ടർ അതോറിറ്റി തയ്യാറാക്കിയ ഡി.പി.ആർ പ്രകാരം പാണാവള്ളി ഗ്രാമപഞ്ചായത്തിലെ ഗാർഹിക കുടിവെള്ള കണക്ഷൻ ഇല്ലാത്ത 7408 കുടുംബങ്ങൾക്ക് സൗജന്യമായി കണക്ഷൻ നൽകുന്നതിന് 7,61,71,000 രൂപയാണ് ചെലവ് കണക്കാക്കിയിരുന്നത്. ടി തുകയുടെ 15% ആയ 1,14,25,500 രൂപ ഒടുക്കുന്നതിന് വാട്ടർ അതോറിറ്റിയിൽ നിന്നും അറിയിപ്പ് ലഭിച്ചതിനെ തുടർന്ന് 51,77,281 രൂപ തൻവർഷത്തെ ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും ഒടുക്കിയിട്ടുണ്ട്. പഞ്ചായത്തിലെ മുഴുവൻ കുടുംബങ്ങൾക്കും ഗാർഹിക കുടിവെള്ള കണക്ഷൻ നൽകി മാസങ്ങൾ കഴിഞ്ഞിട്ടും ഉപയോഗിക്കാത്ത പൊതുടാപ്പുകൾ വിച്ഛേദിക്കുന്നതിന് പഞ്ചായത്ത് നടപടിയൊന്നും സ്വീകരിച്ചതായി കാണുന്നില്ല. ഓഡിറ്റ് വേളയിലും 201 പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തിൽ പ്രതിമാസം 92,343 രൂപ വീതം ഒടുക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തിലെ എല്ലാ കുടുംബങ്ങൾക്കും ഗാർഹിക കുടിവെള്ള കണക്ഷൻ ലഭിച്ചിട്ടുള്ള സാഹചര്യത്തിൽ പൊതുടാപ്പുകളുടെ പ്രസക്തി തന്നെ നഷ്ടപ്പെട്ടു. ഓരോ ഗുണഭോക്താവിൽ നിന്നും അവർ ഉപയോഗിക്കുന്ന ജലത്തിന്റെ അളവിന് ആനുപാതികമായി വാട്ടർ അതോറിറ്റി വെള്ളക്കരം ഈടാക്കുന്നുണ്ട്. അതോടൊപ്പം ഉപയോഗിക്കാത്ത പൊതുടാപ്പുകൾക്ക് ഓരോ മാസവും വലിയ തുക ചെലവഴിക്കുന്നത് ഗ്രാമപഞ്ചായത്തിന് അധിക സാമ്പത്തിക ബാധ്യതയാണ് ഉണ്ടാക്കുന്നത്. പൊതുടാപ്പുകൾ വിച്ഛേദിക്കുന്നതിനും പ്രതിമാസ വെള്ളക്കരം ഒടുക്കുന്നതിനും അവസാനിപ്പിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിലേയ്ക്ക് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും പഞ്ചായത്ത് ഭരണസമിതിയുടേയും ശ്രദ്ധ ക്ഷണിക്കുന്നു.

## 1-21 ആർദ്രം പദ്ധതി (SO പ്രോജക്റ്റ് നം. 149 -) – രേഖകൾ ഹാജരാക്കിയില്ല

അടങ്കൽ - 552186/- (തനത് ഫണ്ട് – 52186/- ജില്ലാ പഞ്ചായത്ത് വിഹിതം 500000/-)

ചെലവ് - 552186/- (ബിൽ നം. 20/20.10.20)

2020-21 വർഷം മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ആർദ്രം പദ്ധതി (നം. 149 -SO) യുടെ ബിൽ പരിശോധനയിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.

1-പി.എച്ച്.സി., സി.എച്ച്.സി ആയി അപ്ഗ്രേഡ് ചെയ്യുന്നതിനായി സി.സി.ടി.വി. ക്യാമറ സ്ഥാപിക്കുന്നതിന് – 97173/- രൂപ, ത്രീ സീറ്റർ ചെയർ 18 എണ്ണത്തിന് 99960/- രൂപ, സ്റ്റീൽ സ്റ്റൂൾ – 6 എണ്ണം, എക്സിക്യൂട്ടീവ് ചെയർ – 3 എണ്ണം എന്നിവയ്ക്ക് 235987/- രൂപ (വൗച്ചർ നം. 22000995/20.10.20) അനുവദിച്ചിട്ടുണ്ട്. നാഷണൽ ഹെൽത്ത് മിഷൻ നടപ്പാക്കിയ

പദ്ധതിയിൽ സാധനങ്ങളുടെ പ്രൊഫോർമ ഇൻവോയ്സ് മാത്രമാണ് ബില്ലിനൊപ്പം ഹാജരാക്കിയിട്ടുള്ളത്. ടാക്സ് ഇൻവോയ്സ് ലഭ്യമാക്കിയിട്ടില്ല. ക്യാമറ സ്ഥാപിച്ചോ, ഫർണിച്ചർ ലഭ്യമാക്കിയോ, സ്റ്റോക്കിലെടുത്തോ എന്നിങ്ങനെയുള്ള രേഖകളൊന്നും ഹാജരാക്കിയിട്ടില്ല.

2). കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷനിൽ(KADCO) നിന്ന് റിസപ്ഷൻ ടേബിൾ – 1 എണ്ണം, റിവോൾവിംഗ് ചെയർ- 2 എണ്ണം എന്നിവയ്ക്ക് 97800/- രൂപ, ലോൺട്രി ഏരിയ നിർമ്മാണത്തിന് 30050/- രൂപ, ഇ-ഹെൽത്ത് ടോക്കൺ ഡിസ്പ്ലേ മോണിട്ടർ സ്ഥാപിക്കുന്നതിന് 40490/- രൂപ എന്നിങ്ങനെ ആകെ 168340/- രൂപ എൻ.എച്ച്.എം. ന് (വൗച്ചർ നം. 220001031/7.1.21) നല്കിയിട്ടുണ്ട്. KADCO യുടെ ക്വട്ടേഷൻ, ലോൺട്രി ഏരിയ നിർമ്മാണത്തിനുള്ള ഡീറ്റയിൽഡ് എസ്റ്റിമേറ്റ് (ലോക്കൽ), ഡിസ്പ്ലേ മോണിട്ടർ സപ്ലൈ ചെയ്യുന്നതിനുള്ള R.R. Infocom, Cochin എന്ന സ്ഥാപനം നല്കിയ എസ്റ്റിമേറ്റ് എന്നിവ മാത്രമാണ് ബില്ലിനൊപ്പം ചേർത്തിട്ടുള്ളത്. റിസപ്ഷൻ ടേബിൾ, റിവോൾവിംഗ് ചെയർ, ടോക്കൺ ഡിസ്പ്ലേ മോണിട്ടർ എന്നിവ സപ്ലൈ ചെയ്ത ടാക്സ് ഇൻവോയ്സ്, ലോൺട്രി ഏരിയ നിർമ്മാണ പൂർത്തീകരണ സാക്ഷ്യപത്രം എന്നീ രേഖകൾ ലഭ്യമാക്കിയിട്ടില്ല. മേൽ സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ രേഖകളും ഹാജരാക്കിയിട്ടില്ല. 552186/-രൂപയുടെ മേൽ പ്രോജക്ട് പൂർത്തീകരിച്ച സാക്ഷ്യപത്രവും ലഭ്യമല്ല.

ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം.22/23.10.21) നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. രേഖകൾ ഹാജരാക്കാത്തതിനാൽ മേൽ തുക 404327/- രൂപ (235987 + 168340) തടസ്സപ്പെടുത്തുന്നു.

## 1-22 വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമായില്ല

പ്രോജക്ട് നം. 129/20-21 സാക്ഷരതാമിഷൻ- തുല്യതാ പഠനം

വികസനഫണ്ട് - 53,950/-

ചെലവ് - 53,950/-(2/20-21/27.2.21)

2, പ്രോജക്ട് നം. SO23/20-21 സാക്ഷരതാമിഷൻ- തുല്ല്യതാ പഠനം

വികസനഫണ്ട് - 75,000

ചെലവ് - 74,600/-

ഗവ.എൽ.പി .സ്കൂൾ ഹെഡ്മിസ്ട്രസ് നിർവഹണോദ്യോഗസ്ഥയായി 2020-21 സാമ്പത്തിക വർഷം നടപ്പിലാക്കിയ ടി പ്രോജക്ടുകൾ പ്രകാരം യഥാക്രമം 53,950/-രൂപ, 74,600/- രൂപ വീതം വികസനഫണ്ടിൽ നിന്നും പിൻവലിച്ച് കേരള സ്റ്റേറ്റ് സാക്ഷരതാമിഷന് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ടി പ്രോജക്ട് പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. ക്രമനമ്പർ (1) പ്രകാരമുള്ള പ്രോജക്ടിൽ പത്താം തരം, പതിനൊന്നാം തരം, പന്ത്രണ്ടാം തരം വിദ്യാർത്ഥികൾക്ക് യഥാക്രമം 1,750/-, 2,200/-, 1,950/-എന്നിങ്ങനെയും, ക്രമനമ്പർ (2) പ്രകാരമുള്ള പ്രോജക്ടിൽ പത്താം തരം,പതിനൊന്നാം തരം, പന്ത്രണ്ടാം തരം വിദ്യാർത്ഥിക്കൾക്ക് യഥാക്രമം 1,750/-, 2,300/-, 2500/- എന്നിങ്ങനെയുമാണ് കോഴ്സ് ഫീസ് നൽകിയത്. ഫീസിന്റെ കൃത്യത പരിശോധിക്കുന്നതിനു സാക്ഷരതാമിഷന്റെ പ്രോസ്പെക്ടസ് ഹാജരാക്കിയിട്ടില്ല.

2. ടി രണ്ടു പ്രോജക്ട് പ്രകാരമുള്ള ഗുണഭോക്താക്കൾ പ്രവേശനം നേടിയതിന്റെ രേഖകൾ,കോഴ്സ് പൂർത്തികരിച്ചതിന്റെയും സർട്ടിഫിക്കറ്റ് നൽകിയതിന്റേയും രേഖകൾ എന്നിവ ഹാജരാക്കിയിട്ടില്ല.

ചെലവുരേഖകൾ ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.7/14.10.21) പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും ഓഡിറ്റ് തീയതി വരെ ആയതു ഹാജരാക്കിയില്ല. ആയതിനാൽ ചെലവുതുക തടസ്സപ്പെടുത്തുന്നു.

## 1-23 കന്നുകുട്ടി പരിപാലനം (ജനറൽ)-വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നം./പേര് | 42/2020-21<br>കന്നുകുട്ടി പരിപാലന പദ്ധതി |
| അടങ്കൽ | 6,25,000/- *(വികസനഫണ്ട്)*<br>6,25,000/-(മറ്റുള്ളവ) |
| ചെലവ് | ബിൽ നം. 01/2020-21/04.03.2021 - 6,25,000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജ്ജൻ |

2020-21 വർഷം കന്നുകുട്ടി പരിപാലന പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു ഗുണഭോക്താവിന്റെ ഒരു കന്നുകുട്ടിയുടെ സബ്സിഡിയായി 12500/- രൂപ വീതം ആകെ 50 ഗുണഭോക്താക്കളുടെ കന്നുകുട്ടി പരിപാലനത്തിനായി 6,25,000/- രൂപ കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം അസിസ്റ്റന്റ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. പദ്ധതി പ്രകാരമുള്ള കാലിത്തീറ്റ വിതരണം പൂർത്തിയായതിന്റെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 4/തീയതി 9-10-2021) മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ തുക 6,25,000/- തടസ്സപ്പെടുത്തുന്നു.

## 1-24 ദുരന്ത പ്രതിരോധ പ്രവർത്തനങ്ങൾ

തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ പ്രാദേശികവും സാമൂഹ്യാധിഷ്ഠിതവുമായ ദുരന്ത പ്രതിരോധ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത് സംബന്ധിച്ച് 01.12.2019 ലെ സ.ഉ.(കൈ) 156/2019/ ത.സ്വ.ഭവ. നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ദുരന്തനിവാരണ പദ്ധതി രേഖ തയ്യാറാക്കുന്നതിന് ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തിയ ഒരു ഏകീകൃത ടെമ്പ്ലേറ്റ് അംഗീകരിച്ച് 14.01.2020 ലെ സ.ഉ.(കൈ) 14/2020/ത.സ്വ.ഭവ. നമ്പർ പ്രകാരം ഉത്തരവായിട്ടുമുണ്ട്.

1. ഗ്രാമപഞ്ചായത്തിൽ ദുരന്തനിവാരണ കമ്മിറ്റി യോഗങ്ങൾ ചേർന്നതിന്റെയും യോഗതീരുമാനങ്ങളുടെയും തുടർനടപടികളുടെയും വിശദാംശങ്ങൾ.
2. അടിയന്തിര പ്രതികരണ ടീമിന്റെ ( Emergency Response Team) രൂപീകരണം.
3. "ജൈവവൈവിദ്ധ്യ മാനേജ്മെന്റ്, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്തനിവാരണം" വർക്കിങ് ഗ്രൂപ്പിന്റെ പ്രവർത്തനങ്ങൾ
4. ലോക്കൽ റിസോഴ്സ് ഗ്രൂപ്പ് (LRG) രൂപീകരണവും പ്രവർത്തനവും
5. ദുരന്തനിവാരണ പദ്ധതി രൂപീകരണം, അംഗീകാരം, വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തൽ മുതലായവ സംബന്ധിച്ച വിവരങ്ങൾ.

മേൽ സൂചിപ്പിച്ച സർക്കാർ ഉത്തരവുകൾ പ്രകാരം നിർദ്ദേശിക്കപ്പെട്ട പ്രവർത്തനങ്ങൾ പഞ്ചായത്തിൽ നടത്തിയിട്ടുണ്ടെങ്കിൽ വിശദവിവരം ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ദുരന്ത പ്രതിരോധ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-25 വൗച്ചറുകൾ പരിശോധനയ്ക്ക് ലഭ്യമല്ലാത്തത്

2020-21 വർഷത്തെ വൗച്ചറുകൾ പരിശോധിച്ചതിൽ ആയതിന്റെ സൂക്ഷിപ്പ് സംബന്ധമായ നിരവധി അപാകങ്ങൾ കാണുന്നു. നിരവധി വൗച്ചറുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പരിശോധനയ്ക്ക് ഹാജരാക്കാത്ത ഏതാനും വൗച്ചറുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| തീയതി | വൗച്ചർ നം. | ഇനം | തുക |
|---|---|---|---|
| 04.09.2020 | 22000351 | കെൽട്രോണിന് നൽകിയ തുക | 5558 |
| 07.09.2020 | 22000349 | ശ്രീ.ഷംസുദ്ദീൻ, ഡിപ്പോസിറ്റ് റീഫണ്ട് | 2000 |
| „ | 22000350 | „ | 7000 |
| „ | 22000352 | ശ്രീ.നാസർ,ഡിപ്പോസിറ്റ് റീഫണ്ട് | 10000 |
| „ | 22000353 | CFLTC ചെലവുകൾ | 1416 |
| „ | 22000362 | പ്രോജക്ട് നം.24,എച്ച്എമ്മിന് | 51000 |

| | | | |
|---|---|---|---|
| | | നൽകിയത് | |
| ,, | 22000364 | ഹൈമാസ്റ്റ് ലൈറ്റ് ചാർജ്ജ് | 685 |
| , | 22000356 | റിക്കവറി PF | 57210 |
| “ | 22000355 | GPF | 7000 |
| “ | 22000357 | SLI | 3490 |
| “ | 22000358 | GIS | 3050 |
| “ | 22000359 | HBA | 22000 |
| ‘ | 22000360 | Pension Contribution | 54918 |
| “ | 22000361 | ബിൽ രജിസ്റ്ററിൽ വിവരം ഇല്ല | |
| “ | 22000362 | “ | |
| “ | 22000363 | HM ,Kodampally | 4570 |
| “ | 22000364 | ഇലക്ട്രിസിറ്റി | 1508 |
| “ | 22000365 | ക്ലീനിംഗ് ചാർജ്ജ് | 1370 |
| “ | 22000366 | LIC | 14594 |
| “ | 22000367 | TDS | 4000 |
| “ | 22000368 | Tonner Refiling | 1250 |
| 11.9.20 | 22000369 | ലഘുഭക്ഷണ ചെലവ് | 1871 |
| 15.9.20 | 22000370 | -പോസ്റ്റൽ സ്റ്റാംപ് | 3000 |
| “ | 22000371 | ലഘുഭക്ഷണ ചെലവ് | 3500 |
| “ | 22000372 | ഫോൺ ചാർജ്ജ് | 4422 |
| “ | 22000373 | ഫോൺ ചാർജ്ജ് | 939 |
| 16.9.20 | 22000374 | ക്ലീനിംഗ് ചാർജ്ജ് | 10000 |

| മാസം | വൗച്ചർ നമ്പർ |
|---|---|
| ഒക്ടോബർ 2020 | 22000401, 22000402, 22000437, 22000438, 22000439, 22000445, 22000446,<br>22000458, 22000385, 22000406 |
| നവംബർ 2020 | 2200528 |
| ഡിസംബർ 2020 | 2200555, 2200578, 2200579, 2200580, 2200581, 2200585 |
| ജനവരി 2021 | 2200658, |
| ഫെബ്രുവരി 2021 | 22000729 |
| മാർച്ച് 2021 | 22000802, 22000807, 22000836, 22000860, 22000868, 22000869, 22000870, 22000871, 22000904, 22000911, 22000913, 22000914, 22000922, 22001135, 22001144, 22001151, 22001152, 22001153 |

വൗച്ചർ സൂക്ഷിപ്പിലെ അപാകതകൾ

1. ബിൽ രജിസ്റ്റർ പ്രകാരമുള്ള പല വൗച്ചറുകളും അതാത് മാസത്തെ വൗച്ചർ കെട്ടിനോടൊപ്പം പൂർണ്ണമായും ഉള്ളടക്കം ചെയ്യുകയോ, ക്രമമായി നമ്പരിടുകയോ ചെയ്തിട്ടില്ല. ഉള്ളടക്കം ചെയ്യാത്ത വൗച്ചറുകളുടെ നിജസ്ഥിതി പരിശോധിക്കാനായില്ല.
2. അതാതു മാസത്തെ മുഴുവൻ വൗച്ചറുകളുടെയും വിവരങ്ങൾ ബിൽ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ ഒരു മാസത്തെ വൗച്ചർ കെട്ടിനോടൊപ്പം മറ്റ് പല മാസങ്ങളിലെ വൗച്ചറുകളും ഒന്നിച്ച് ഫയൽ ചെയ്തു വരുന്നു.
3. പല വൗച്ചറുകളിലും പ്രസിഡന്റിന്റെ സാക്ഷ്യപ്പെടുത്തലില്ല.

വൗച്ചറുകൾ പരിശോധനയ്ക്ക് ഹാജരാക്കാതിരിക്കുകയെന്നത് ഗുരുതരമായ കുറ്റമാണ്. ആയതിനാൽ ഇവ പരിശോധനയ്ക്ക് ലഭ്യമാക്കുകയോ ഇക്കാര്യത്തിൽ ആവശ്യമായ വിശദീകരണം നൽകുകയോ ചെയ്യേണ്ടതാണ്.

## 1-26 ഊട്ടുപുഴ-അഞ്ചുതുരുത്ത് കടത്ത്-ലൈസൻസോ ഫിറ്റ്നസ്സോ ഇല്ലാത്ത വള്ളം ഉപയോഗിക്കുന്നു

പാണാവള്ളി ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള ഊട്ടുപുഴ-അഞ്ചുതുരുത്ത് കടത്തിറക്ക് കൂലി ഇനത്തിൽ പ്രതിമാസം 40000/-രൂപയാണ് പഞ്ചായത്തിന് ചെലവുവന്നുകൊണ്ടിരിക്കുന്നത്. എൺപതോളം കുടുംബങ്ങൾ അധിവസിക്കുന്ന അഞ്ചുതുരുത്തിലേയ്ക്ക് കടത്തിറക്ക് എന്നത് അനിവാര്യമായ ഒന്നാണ്. മുമ്പുണ്ടായിരുന്നതുപോലെ എംപ്ളോയ്മെന്റ് എക്സ്ചേഞ്ച് വഴി ഫെറിമാൻ നിയമനം നടത്തിയാൽ ഇക്കാര്യത്തിൽ പ്രതിമാസം ഉണ്ടായിക്കൊണ്ടിരിക്കുന്ന വലിയ ചെലവ് കുറയ്ക്കാൻ കഴിയുന്നതാണ്. ഇതിലേയ്ക്ക് കാര്യമായ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. ഇപ്പോൾ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന വള്ളത്തിന്റെ ലൈസൻസിന്റെയും ഫിറ്റനസ്സിന്റെയും കാലാവധി 31.03.2020-ൽ അവസാനിച്ചതാണ്. ലൈസൻസും ഫിറ്റ്നസ്സുമില്ലാതെ വള്ളം കടത്തിറക്കിനുപയോഗിക്കുന്ന അതീവ ഗുരുതരമായ സാഹചര്യമാണ് ഇപ്പോൾനിലവിലുള്ളത്.ഇക്കാര്യത്തിൽ വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (26/25.10.2021) മറുപടി ലഭ്യമായിട്ടില്ല. ഈ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-27 ജി.എസ്.ടി. ഈടാക്കിയ വിവരം ലഭ്യമല്ല

തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി വാങ്ങുന്ന സാധന സാമഗ്രികളുടെ തുക 2.5 ലക്ഷത്തിനുമേൽ കൂടുതലാണെങ്കിൽ 2% ജി.എസ്.ടി. ഉത്ഭവത്തിൽ നിന്നും കുറവ് ചെയ്യണമെന്നിരിക്കെ 2020-21 സാമ്പത്തിക വർഷം നടപ്പിലാക്കിയ താഴെ കൊടുത്തിട്ടുള്ള പ്രവൃത്തികളിൽ ഇപ്രകാരം 2% ജി.എസ്.റ്റി., റ്റി.ഡി.എസ് ആയി ഈടാക്കിയതായി കാണുന്നില്ല. 30.07.2019-ലെ 957/ഇ.ജി.എസ്.-സി/16/ആർ.ഇ.ജി.എസ് നമ്പർ സർക്കുലർ പ്രകാരം ജി.എസ്.റ്റി. കുറവ് ചെയ്യുന്നതിനുള്ള സൌകര്യം എം.ഐ.എസിൽ ലഭിക്കുന്നത് വരെ ജി.എസ്.റ്റി. തുക സപ്ലൈയർ ഗ്രാമപഞ്ചായത്തിൽ നേരിട്ട് അടച്ചെന്നുറപ്പാക്കി ബിൽ സെറ്റിൽ ചെയ്യണമെന്നും അപ്രകാരം അടവാകുന്ന ജി.എസ്.റ്റി തുക ഗ്രാമപഞ്ചായത്ത് സെക്രട്ടറി ജി.എസ്.റ്റി. വകുപ്പിൽ യഥാസമയം അടവാക്കണമെന്നും നിർദ്ദേശിച്ചിട്ടുള്ളതാണ്. ഈ നിർദ്ദേശപ്രകാരം ജി.എസ്.റ്റി തുക ഗ്രാമപഞ്ചായത്ത് സെക്രട്ടറി ജി.എസ്.റ്റി. വകുപ്പിൽ അടവാക്കിയിട്ടുണ്ടെങ്കിൽ രേഖകൾ ലഭ്യമാക്കേണ്ടതാണ്. പ്രവർത്തിയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| നം | കരാറുകാരൻ | പ്രവൃത്തിയുടെ പേര് | എം.ബുക്ക് നം. | വാർഡ് നം | കരാറുകാരനു നൽകിയ തുക | ഈടാക്കേണ്ട ജി.എസ്.റ്റി. |
|---|---|---|---|---|---|---|
| 1 | ടി.ജെ.ജോബ് | കണ്ടാരത്തിൽ റോഡ് ഇൻറർലോക്കിംഗ് (ഒന്നാം ഘട്ടം) | 97/20-21 | 1 | 3,39,776 | 6,315 |
| 2 | ടി.ജെ.ജോബ് | കണ്ടാരത്തിൽ റോഡ് ഇൻറർലോക്കിംഗ്(രണ്ടാം ഘട്ടം) എൻക്വയറി നം.19/20-21/21.10.21 | 98/20-21 | 1 | 3,43,260 | 7,176 |
| 3 | ലാൻബൻ | ഇ.എം.എസ്.സോമഗിരിറോഡ് ഇന്റർലോക്കിംഗ്(ഒന്നാം ഘട്ടം) | 21/20-21 | 10 | 4,61,400 | 9,228 |
| 4 | ലാൻബൻ | ഇ.എം.എസ്.സോമഗിരി റോഡ് ഇന്റർ ലോക്കിംഗ് രണ്ടാംഘട്ടം) | 22/20-21 | 10 | 4,75,628 | 9,512 |

| | | | | | | |
|---|---|---|---|---|---|---|
| 5 | ലാൻബൻ | കണ്ണാട്ട് കലിംഗ് അമ്പലത്തോട്(ഇന്റർ ലോക്കിംഗ് ഒന്നാം ഘട്ടം) | 46/20-21 | 17 | 3,89,285 | 7,785 |
| 6 | അക്ഷയലാൽ | ശ്മശാനം ശക്തിഭഗവതി റോഡ് ഇന്റർ ലോക്കിംഗ്(ഒന്നാം ഘട്ടം) | 225/20-21 | 10 | 4,78,555 | 9,571 |
| 7 | അക്ഷയലാൽ | ശ്മശാനം ശക്തിഭഗവതി റോഡ് ഇന്റർ ലോക്കിംഗ്(രണ്ടാം ഘട്ടം) | 232 | 10 | 3,55,845 | 7,116 |
| 8 | ടി.ജെ.ജോബ് | പെരുങ്കന്തറ കൊന്നംപറമ്പ് ഇന്റർ ലോക്കിംഗ്(ഒന്നാം ഘട്ടം) | 93/20-21 | 1 | 2,13,124 | Nil |
| 9 | ലാൻബൻ | അരങ്കശേരി കുന്നേൽ റോഡ് ഇന്റർ ലോക്കിംഗ് | 27/20-21 | 10 | 3,80,536 | 7,610 |
| 10 | രാജു.എം.എൻ | തലയണിച്ചിറ റോഡ് ഗ്രാവലിംഗ് | 67/20-21 | 18 | 2,04,440 | Nil |
| 11 | ബഷീർ. | കായലോരം കനകകുന്നേൽ | 44/20-21 | 3 | 4,73,468 | 9,469 |
| | | ആകെ | | | | 73,782 |

ടി തുക ഈടാക്കി ജി.എസ്.റ്റി. വകുപ്പിൽ ഒടുക്കിയതിന്റെ വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

ടി മെറ്റീരിയൽ പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകളും കാണുന്നു.

1. ക്രമനം,1,2,3,4,5,7,11 എന്നീ പ്രവൃത്തികളുടെ ഫയലിൽ ഡിസ്പ്ലേ ബോർഡ് സ്ഥാപിച്ചതിന്റെ ഫോട്ടോ ഉളളടക്കം ചെയ്തിട്ടുണ്ടെങ്കിലും എസ്റ്റിമേറ്റിൽ ആയതിന്റെ തുക അനുവദിച്ചിട്ടില്ല.
2. ക്രമനം.2 ലെ പ്രവൃത്തിക്ക് കരാറുകാരന് നൽകിയ തുക 3,43,260/-രൂപയാണ്. ആയതിന്റെ 0.1% തുകയായ 343/- രൂപയുടെ സ്റ്റാമ്പ് പേപ്പറിലാണ് എഗ്രിമെന്റ് വെയ്ക്കേണ്ടത്. എന്നാൽ 200/- രൂപയുടെ സ്റ്റാമ്പ് പേപ്പറിലാണ് എഗ്രിമെന്റ് വെച്ചിട്ടുളളത്.
3. ക്രമനം.1,2,3,5,8,9,10,11 എന്നീ പ്രവൃത്തികളുടെ കരാറുകാർക്ക് തുക ട്രാൻസ്ഫർ ചെയ്തതിന്റെ (FTO) രേഖകൾ ഫയലിലുൾപ്പെടുത്തിയിട്ടില്ല. എം.ബുക്കിലും, എസ്റ്റിമേറ്റിലും വെട്ടിത്തിരുത്തൽ ഉളളതിനാൽ അർഹമായ തുക തന്നെയാണോ കരാറുകാർക്ക് ട്രാൻസ്ഫർ ചെയ്തതെന്ന പരിശോധിക്കാനായില്ല.
4. ടി പ്രവൃത്തികളുടെ കരാറുകാരിൽ നിന്നും ആദായനികുതി ഈടാക്കിയതിന്റെ രേഖകൾ ലഭ്യമായില്ല
5. കരാറുകാർ ജി.എസ്സ്.ടി ബിൽ ഹാജരാക്കിയിട്ടില്ല.

മേൽപ്പറഞ്ഞ അപാകതകൾ പരിഹരിച്ചതിന്റെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-28 ദുരിതാശ്വാസ നിധി

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ അനുസരിച്ച് പാണാവളളി ഗ്രാമപഞ്ചായത്തിൽ ദുരിതാശ്വാസ നിധി നാളിതുവരെ രൂപീകരിച്ചിട്ടില്ല പ്രകൃതിക്ഷോഭം, അത്യാഹിതം, മാറാരോഗങ്ങൾ ഉൾപ്പെടെയുള്ള കാരണങ്ങളാൽ ദുരിതമനുഭവിക്കുന്ന ഗ്രാമപഞ്ചായത്ത് നിവാസികളും നിർധനരുമായ വ്യക്തികൾക്ക് അടിയന്തിരസഹായം നൽകുക എന്ന ലക്ഷ്യത്തോടെയാണ് രൂപീകരിക്കേണ്ടത്.. 2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം പ്രസ്തുത നിധിയിലേക്ക് ധനസമാഹരണം നടത്തി അതിൽ നിന്നും ദുരിതമനുഭവിക്കുന്നവർക്ക് സഹായം നൽകുന്നതിനുള്ള സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-29 അങ്കണവാടി കെട്ടിടങ്ങളെ സംബന്ധിച്ച അവലോകനം

പാണാവള്ളി ഗ്രാമപഞ്ചായത്ത് അതിർത്തിയിൽ പ്രവർത്തിക്കുന്ന അങ്കണവാടികളുടെ കെട്ടിടങ്ങളെ സംബന്ധിച്ച അവലോകനം ചുവടെ ചേർക്കുന്നു.

ഗ്രാമപഞ്ചായത്ത് അതിർത്തിയിൽ 32 അങ്കണവാടികളാണ് നിലവിൽ പ്രവർത്തിച്ചുവരുന്നത്. ഇവയിൽ 20 എണ്ണം സ്വന്തം കെട്ടിടത്തിലാണ് പ്രവർത്തിച്ചുവരുന്നത്. 12 കെട്ടിടങ്ങൾക്ക് സ്വന്തമായി കെട്ടിടമില്ല. ഇതിൽ മൂന്നെണ്ണത്തിന് സ്വന്തമായി സ്ഥലമുണ്ടെങ്കിലും കെട്ടിടനിർമ്മാണം ഇനിയും ആരംഭിച്ചിട്ടില്ല. ഇതിൽ വാർഡ് 4-ലുള്ള അങ്കണവാടി നം.54-ന വേണ്ടി കെട്ടിടനിർമ്മാണത്തിനായി 2 വർഷം മുമ്പ് കരാർ ഏറ്റെടുത്തെങ്കിലും ഇതുവരെയും നിർമ്മാണം ആരംഭിച്ചിട്ടില്ല. നിർമ്മാണ സ്ഥലത്തേയ്ക്ക് സാധനങ്ങൾ കൊണ്ടുപോകാൻ ആവശ്യമായ വഴി സൗകര്യമില്ലാത്തതിനാൽ ട്രാൻസ്പോർട്ടേഷൻ കോസ്റ്റ്

കാരണമായി പറഞ്ഞാണ് നിർമ്മാണം ഇനിയും ആരംഭിച്ചിട്ടില്ലാത്തത്. വാർഡ് 13-ലെ 57,101 നമ്പർ അങ്കണവാടികളുടെ നിലവിലെ കെട്ടിടങ്ങൾ പൊളിക്കാതെ തന്നെ പുതിയ കെട്ടിടങ്ങൾക്കായി തറക്കല്ലിടുക മാത്രമാണ് ചെയ്തിട്ടുള്ളത്. ആകെയുള്ള 32 അങ്കണവാടി കെട്ടിടങ്ങളിൽ 5 എണ്ണത്തിന് എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല. ഇവ അഞ്ചും വാടകയ്ക്ക് പ്രവർത്തിക്കുന്ന കെട്ടിടങ്ങളാണ്. ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റില്ലാതെ അങ്കണവാടി കെട്ടിടങ്ങൾ പ്രവർത്തിക്കുന്നത് ഗുരുതരമായ സാഹചര്യമാണ്. ഈ വിഷയത്തിൽ ഭരണസമിതി സവിശേഷ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-30 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ

2019-2020, 2020-2021 സാമ്പത്തിക വർഷങ്ങളിൽ കോടംതുരുത്ത് ഗ്രാമപഞ്ചായത്തിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി വാർഡ് തലത്തിൽ വാർഡ് മെമ്പർമാരുടെ നേതൃത്വത്തിൽ വാർഡ് തല കമ്മിറ്റികൾ രൂപീകരിക്കുകയും, കമ്മിറ്റികളുടെ പ്രവർത്തനങ്ങളിൽ സന്നദ്ധപ്രവർത്തകരെ പങ്കെടുപ്പിക്കുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്ത് പ്രസിഡന്റ്, പഞ്ചായത്ത് സെക്രട്ടറി, മെഡിക്കൽ ഓഫീസർമാർ എന്നിവരടങ്ങുന്ന നിരീക്ഷണസമിതി എല്ലാ ആഴ്ചയും യോഗം ചേർന്ന് വാർഡ് തലസമിതികളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തിരുന്നു. എല്ലാ മാസങ്ങളിലും കൃത്യമായി ആരോഗ്യ-ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റികൾ മീറ്റിംഗുകൾ കൂടിയിട്ടുണ്ട്. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ കോർ കമ്മറ്റി കൂടി വിലയിരുത്തുന്നുണ്ട്. വാർഡ് തല ജാഗ്രതാസമിതികൾ, ക്ലസ്റ്ററുകൾ എന്നിവയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി എല്ലാ വാർഡുകളിലും സ്കൂൾ ടീച്ചേഴ്സ്, അംഗനവാടി വർക്കേഴ്സ് എന്നിവരെ നിയോഗിച്ചിട്ടുണ്ട്. ഐ.സി.ഡി.എസ്. സൂപ്പർവൈസരുടെ കീഴിൽ കോണ്ടാക്റ്റ് ട്രേസിംഗ്, കോവിഡ് കാൾ സെന്റർ തുടങ്ങിയവ സുഗമമായി നടന്നുവരുന്നു. സ്റ്റേഷൻ ഹൗസ് ഓഫീസർ, സെക്ടറൽ മജിസ്ട്രേറ്റ് എന്നിവർക്ക് ആവശ്യമായ സഹായം നൽകുകയും പഞ്ചായത്തിൽ നടന്നു വരുന്ന പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്തൽ മീറ്റിംഗുകൾ എന്നിവയിൽ പങ്കെടുപ്പിക്കുകയും ചെയ്യുന്നുണ്ട്. ബോധവൽക്കരണത്തിനായി കൃത്യമായ ഇടവേളകളിൽ അനൗൺസ്മെന്റ് നടത്തി വരുന്നു.

പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിലാണ് കമ്മ്യൂണിറ്റി കിച്ചൺ പ്രവർത്തിച്ചിരുന്നത് കുടുംബശ്രീയുടെ മേൽനോട്ടത്തിലാണ് ആയത് പ്രവർത്തിച്ചിരുന്നത്. പഞ്ചായത്തിലെ വിവിധ വാർഡുകളിൽ ക്വാറണ്ടയിനിൽ കഴിയുന്ന വ്യക്തികൾക്കും സി.സി.സി.യിൽ ക്വാറണ്ടയിനിൽ കഴിയുന്നവർക്കും കമ്മ്യൂണിറ്റി കിച്ചണിൽ നിന്നാണ് ഭക്ഷണം നൽകിയിരുന്നത്.

കോർ കമ്മിറ്റികൾ എല്ലാ ദിവസവും ചേർന്ന് തീരുമാനങ്ങൾ എടുക്കുകയും സാമൂഹ്യ അടുക്കളയിൽ നിന്ന് അന്യസംസ്ഥാന തൊഴിലാളികൾക്ക് ഭക്ഷണപൊതി, അതിഥി തൊഴിലാളികൾക്ക് ക്യാമ്പ് തുടങ്ങിയവ ഉറപ്പാക്കുന്നതിന് നടപടി സ്വീകരിച്ചു. കുടുംബശ്രീ വഴി മുന്നറിയിപ്പ് സ്റ്റിക്കർ വാങ്ങി പതിക്കുന്നതിനും കോവിഡ് നിബന്ധനകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു. വിദേശത്ത് നിന്ന് വരുന്നവരെ പ്രത്യേകം നിരീക്ഷിക്കുന്നതിന് വാർഡുതല കമ്മിറ്റികളെ ചുമതലപ്പെടുത്തി പൊതു കേന്ദ്രങ്ങളിൽ കൈകഴുകൽ സാനിട്ടൈസർ, ഹാൻഡ് വാഷ് എന്നീ സൌകര്യങ്ങൾ ഏർപ്പെടുത്തി. പൊതു സ്ഥലങ്ങൾ ഫയർ ഫോഴ്സിന്റെ സഹായത്തോടെ അണുവിമുക്തമാക്കി. ആയുർവേദ ആശുപത്രിയിൽ നിന്ന് അപരാജിത ചൂർണ്ണം എല്ലാ വീടുകളിലും വിതരണം ചെയ്തു. അന്യസംസ്ഥാനങ്ങളിൽ നിന്ന് വന്നവരുടെ ക്വറണ്ടൈയ്ൻ സംവിധാനം അന്വേഷിക്കുന്നതിന് മെഡിക്കൽ ഓഫീസറെ ചുമതലപ്പെടുത്തി വാർഡ്തല മോണിറ്ററിംഗ് സമിതി രൂപികരിച്ചു. കോവിഡ് സിസിസി തച്ചാപറമ്പിൽ ക്ലിനിംഗ് സ്റ്റാഫിനെ നിയമിച്ച് ആയതിന്റെ തുക തനത് ഫണ്ടിൽ നിന്ന് നൽകി പരീക്ഷയ്ക്ക് മുമ്പായി സ്കൂളുകളിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തി. കോവിഡ് 19 രോഗം സംബന്ധിച്ച് വാർഡുകളിൽ മൈക്ക് അനൌൺസ്മെന്റ് നടത്തി വന്നിരുന്നു. പോലീസ് അധികാരികളുടെ സഹകരണത്തോടെ പൂച്ചാക്കലിൽ പോലീസ് പിക്കറ്റിംഗ് നടത്തി. കോവിഡ് നിയന്ത്രണത്തിനായി ഹെൽത്ത് ജീവനക്കാരുടെയും ആശാപ്രവർത്തകരുടെയും നേതൃത്വത്തിൽ വാളണ്ടിയറന്മാരെ നിയമിച്ചു. പാണാവള്ളി പി.എച്ച്.സിയിൽ കൺട്രോൾ റൂം തുറന്നു. എല്ലാ വാർഡുകളിലേക്കും ഫോഗിഗ് മെഷ്യൻ വാങ്ങിക്കുന്നതിന് തീരുമാനിച്ചു. പള്ളിവെളി പള്ളി ഓഡിറ്റോറിയത്തിൽ സി എഫ് എൽ റ്റി സി തുടങ്ങുന്നതിനുള്ള പ്രവർത്തനങ്ങൾ ഏർപ്പെടുത്തി. ആവശ്യമായ പൾസോക്സിമീറ്റർ വാങ്ങുന്നതിന് മെഡിക്കൽ ഓഫീസറെ ചുമതലപ്പെടുത്തി. വാർഡുതലത്തിൽ ക്ലസ്റ്റർ രൂപികരിക്കുന്നതിനും സെക്ടറൽ മജിസ്ട്രേറ്റിനെ നിയമിക്കുന്നതിനും തീരുമാനിച്ചു. ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും യോഗം കൂടി രോഗതീവ്രത തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരുന്നു കോർ കമ്മിറ്റികൾ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും ചെയ്ത് പോന്നു.

കോവിഡ് പ്രവർത്തനങ്ങളുടെ ഭാഗമായി മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ട് 2020/2021

| പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | ഫണ്ട് | ചെലവ് | വിവരണം |
|---|---|---|---|---|
| 154 | കോവിഡ് രോഗബാധയുടെ പ്രതിരോധ പ്രവർത്തനങ്ങൾ പരിരക്ഷ പ്രവർത്തനങ്ങൾ | 900000 | 900000 | മാസ്ക്, സാനിട്ടൈസർ, വിതരണം ചെയ്ത് പൾസോക്സിമീറ്റർ എന്നിവ വാങ്ങിയ ഇനത്തിലുള്ള തുക |
| 269 | കോവിഡ് ബാധയുടെ പ്രതിരോധ പ്രവർത്തനങ്ങൾ | 200000 | 84174 | മാസ്ക്, സാനിട്ടൈസർ, പൾസോക്സിമീറ്റർ എന്നിവ വാങ്ങിയ |

| | പരിരക്ഷ പ്രവർത്തനങ്ങൾ | | | ഇനത്തിലുള്ള തുക |
|---|---|---|---|---|

കോവിഡ് രോഗപ്രതിരോധ പ്രവർത്തനങ്ങളിൽ അടിയന്തിരമായും, ഒഴിവാക്കാനാവത്തതുമായ പ്രവർത്തനങ്ങൾക്ക് ഫണ്ട് ചെലവഴിക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വിവേചനാധികാരം ഉണ്ടെങ്കിലും, ചെലവുകൾ പരിധിവിട്ട് പോകാതിരിക്കാനുള്ള ജാഗ്രത പഞ്ചായത്ത് ഭരണസമിതിയുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് വിഹിതം | 2020-21 | 127500 | പച്ചക്കറിവികസനം | 127500 | |
| | 20-21 | 85000 | സംയോജിതകൃഷി | 85000 | |
| | 20-21 | 160000 | സാന്ത്വനപരിചരണം | 160000 | |
| | 20-21 | 324500 | ലൈഫ് മിഷൻ | 324500 | |
| | 20-21 | 516375 | സ്ക്കോളർഷിപ്പ് | 516375 | |
| | 20-21 | 600000 | പാലിന് സബ്സിഡി | 600000 | |
| ജില്ലാ പഞ്ചായത്ത് | 20-21 | 500000 | ആർദ്രം | 500000 | |
| | 20-21 | 94725 | അംഗൻവാടി അനുപൂരക പോഷകാഹാരം | 94725 | |

### 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ | മുൻകൂർ നല്കിയ | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള |
|---|---|---|---|---|---|

| | | ചെക്ക് നം. | തുക | | തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 284/21 | 2200120 | 5177281 | 5177281 | 0 |
| കേരള ഇലക്ട്രിസിറ്റി ബോർഡ് | സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ. | 2200186 30/3/2021 | 1060736 | 0 | 1060736 |
| പൊതുമരാമത്ത് | കമ്മ്യൂണിറ്റി ഹാൾ റീവയറിംഗ് | 202122/ 22.09.20 (ചെലാൻ നമ്പർ) | 317000 | 0 | 317000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 2040000/- രൂപ വരവുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC | ലഭ്യമാക്കിയില്ല | 2040000 | 46497647 | 3907019 | | 44630628 |

.

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 0 |
| തൻവർഷം നിക്ഷേപിച്ച തുക | 5000000 |
| ആകെ | |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 5000000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/ പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | അക്കൗണ്ട് നം. |
|---|---|---|---|---|---|
| | കേരള ഗ്രാമീൺ ബാങ്ക് | 31.03.2021 | 1 വർഷം | 5000000 | 40681202100022 |
| ആകെ | | | | 5000000 | |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 8661/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | വൗച്ചർ നമ്പർ/തിയ്യതി |
|---|---|---|---|---|
| 2016-17 | 3-14 | 8661 | സുരേഷ്കുമാർ, | 120010100389/02.06.2020 |

| | | | | |
|---|---|---|---|---|
| | | | അസിസ്റ്റന്റ് എഞ്ചിനീയർ | |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ ഇല്ല.

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : 89352457 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : 96092237 |
| വരവിനങ്ങളിലുള്ള നഷ്ടം | : ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : 2975153 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 10,60,736 | ശ്രീമതി.പി എം ഉഷ, സെക്രട്ടറി |
| 1-18(1) | 2,00,000 | ഡോ.അരുൺമിത്ര വി.വി. മെഡിക്കൽ ഓഫീസർ(പി.എച്ച്.സി.) |
| 1-18(2) | 2,39,540 | ഡോ.അരുൺമിത്ര വി.വി. മെഡിക്കൽ ഓഫീസർ(പി.എച്ച്.സി.) |
| 1-19 | 3,17,000 | ശ്രീമതി.പി എം ഉഷ, സെക്രട്ടറി |
| 1-21 | 4,04,327 | ഡോ.അരുൺമിത്ര വി.വി. മെഡിക്കൽ ഓഫീസർ(പി.എച്ച്.സി.) |
| 1-22(1) | 53,950 | ശ്രീമതി.ഫാത്തിമ റെഹിയാനത്ത്, പ്രധാന അധ്യാപിക, ഗവ. എൽ.പി.എസ്. |
| 1-22(2) | 74,600 | ശ്രീമതി.ഫാത്തിമ റെഹിയാനത്ത്, പ്രധാന അധ്യാപിക, ഗവ. എൽ.പി.എസ്. |
| 1-23 | 6,25,000 | ഡോ മനജയൻ.ഒ.എം, വെറ്ററിനറി സർജൻ |
| ആകെ | 29,75,153 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക 1-27 -73,782(ജി.എസ്.ടി.)

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക 1-19,1-20

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | സമയത്തെ) ഔദ്യോഗിക മേൽവിലാസം | |
| ശ്രീമതി.പി എം ഉഷ, സെക്രട്ടറി | സെക്രട്ടറി<br>അരൂക്കുറ്റി ഗ്രാമപഞ്ചായത്ത് | പി എം ഉഷ, നന്ദനം,<br>തുറവൂർ |
| ഡോ.അരുൺമിത്ര വി.വി. മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | മെഡിക്കൽ ഓഫീസർ,<br>പി.എച്ച്.സി | വേലുത്തറ ഹൗസ്,<br>അരൂക്കുറ്റിപി.ഒ., ചേർത്തല |
| ശ്രീമതി.ഫാത്തിമ റെഹിയാനത്ത്,<br>പ്രധാന അധ്യാപിക,<br>ഗവ. എൽ.പി.എസ്. തൃച്ചാറ്റുകുളം | എച്ച്.എം.ജി.എൽ.പി.എസ്.<br>തൃച്ചാറ്റുകുളം | റെഹിയ, എച്ച് നം-13/412 എഫ്,എംകെ<br>ശ്രീനിവാസൻ റോഡ് ചുള്ളിക്കൽ, കൊച്ചി |
| ഡോ മനജയൻ.ഒ.എം, വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ,<br>പാണാവള്ളി ഗ്രാമപഞ്ചായത്ത് | ഡോ മനജയൻ ഒ.എം,<br>ഓണാട്ടു ഹൌസ് |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 മുതൽ 2005-06 വരെ | എൽ.എഫ്.ജി.എ 5-832/11, തീയതി. 31.01.2015 |
| 2006-07 | എൽ.എഫ്. പി 9-279/11, തീയതി. 11.08.11/05.09.11 |
| 2007-08 | എൽ.എഫ്.പി 9-280/11, തീയതി. 11.08.11/05.09.11 |
| 2008-09 | എൽ.എഫ്.പി 9-491/12, തീയതി. 16.07.12/08.08.12 |
| 2009-10 | എൽ.എഫ്.പി 9-491/12, തീയതി. 16.07.12/08.08.12 |
| 2010-11 മുതൽ 2012-13 വരെ | എൽ.എഫ്.പി 9-1097/13, തീയതി. 15.03.14/13.06.14 |
| 2013-14 | കെ.എസ്.എ-എ.എൽ.പി-പി9-1579/15, തീയതി.23.12.15/30.12.15 |
| 2014-15 | കെ.എസ്.എ-എ.എൽ.പി-പി9-825/16, തീയതി.28.07.16 |
| 2015-16 | കെ.എസ്.എ-എ.എൽ.പി-പി9-21/2017, തീയതി.12.01.2017 |
| 2016-17 | കെ.എസ്.എ-എ.എൽ.പി-പി9-1116/2017, തീയതി.22.08.2017 |
| 2017-18 | കെ.എസ്.എ-എ.എൽ.പി/പി9-173/19 തീയതി, 07.02.2019 |
| 2018-19 | കെ.എസ്.എ-എ.എൽ.പി/പി7/201/2020 തീയതി, 11.06.2020 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ പാണാവള്ളി ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ പാണാവള്ളി ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്